യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 മാർച്ച് 2016 ലക്കം 3



## ക്രിസ്തുവിൽ ഏകശരീരമായി പണിയപ്പെടുന്ന സഭ

## ക്രിസ്തുവിന്റെ ഹൃദയം

സാമുവൽ ലോഗൻ ബ്രെങ്കിൾ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 14 മാർച്ച് 2016 ലക്കം 3

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:


**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും
മീറ്റിംഗുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃപ്പൂണിത്തുറ | 9037472484 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

## ഹൃദയത്തിലേക്കു നോക്കുക



പലരും തങ്ങളുടെ ഹൃദയങ്ങളിലേക്കു നോക്കാറില്ല. തങ്ങൾ ആത്മികമായി വളരുന്നുണ്ടോ ഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ടോ എന്നൊന്നും അവർ ശ്രദ്ധിക്കുന്നില്ല. ബാഹ്യമായ മറ്റെല്ലാറ്റിൽ നിന്നും ശ്രദ്ധയെ തിരിച്ചു ഹൃദയത്തിലേക്കു നോക്കുന്നുവെങ്കിൽ മാത്രമേ നാം ആരോടൊപ്പമാണു നടക്കുന്നത് ദൈവത്തോടൊപ്പമാണോ സാത്താനോടൊപ്പമാണോ എന്നു കണ്ടെത്താൻ കഴിയൂ. നാം ആരുടെ അധീനതയിലാണെന്ന സത്യവും അപ്പോൾ നമുക്കു ഗ്രഹിക്കാൻ സാധിക്കും.

**- *ചാൾസ് ഫിന്നി***

## ഇരട്ട സംരക്ഷണം




അങ്ങനെ നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിനായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിനു ഭോഷ്കു പറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു, (എബ്രാ. 6:18).



# സഭയുടെ പണിയിലെ ത്രിവിധ സ്നേഹം

**ഒരു** ക്രിസ്തീയ സന്ന്യാസി സമൂഹമായിരുന്നു അത്. അവർ എല്ലാവരും എല്ലാം പൊതുവകയെന്ന് എണ്ണി ഒരു ആശ്രമത്തിൽ ഒന്നിച്ചു താമസിക്കാനും തുടങ്ങി. ആത്മീയ തീക്ഷ്ണതയുടെ ആദ്യ നാളുകളിൽ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല.

എന്നാൽ പോകെപോകെ കാര്യങ്ങളിൽ വ്യത്യാസം വന്നു. ആത്മീയ കാഴ്ചപ്പാടു മങ്ങി. തീക്ഷ്ണത കുറഞ്ഞു. ഗൗരവം ചോർന്നു. ഫലം അന്യോന്യം കൊച്ചുകാര്യങ്ങൾക്കു പിണക്കമായി. പലരും ആശ്രമം വിട്ടുപോയി. പുതിയ ആളുകൾ ആശ്രമത്തിൽ ചേരാൻ വരാതായി. വിരലിലെണ്ണാവുന്ന ആളുകൾ മാത്രമായി ആശ്രമത്തിലെ അന്തേവാസികൾ.

ഉഷ്ണവാനുമല്ല, ശീതവാനുമല്ല എന്ന ലവോദിക്യാ സഭയുടെ അവസ്ഥയിൽ കാര്യങ്ങൾ മെല്ലെ ഇഴഞ്ഞും വലിഞ്ഞും മുന്നോട്ടു നീങ്ങുമ്പോൾ ഒരു ദിവസം ആശ്രമത്തിൽ ദിവ്യനെന്നു തോന്നിക്കുന്ന ഒരു സന്ദർശകനെത്തി. അദ്ദേഹം ആശ്രമ വാസികളെ ഒന്നിച്ചു കൂട്ടി അവരോടു പറഞ്ഞു: 'നോക്കൂ, ഞാനൊരു പ്രത്യേക കാര്യം പറയാനാണു വന്നത്. ഈ ആശ്രമത്തെക്കുറിച്ച്, പ്രാർഥിച്ചു കൊണ്ടിരുന്നപ്പോൾ, എനിക്കു ദിവ്യമായ ഒരു വെളിപാടുണ്ടായി: അതായത് ഈ ആശ്രമത്തിലെ അന്തേവാസികളിലൊരാൾ ഈ നൂറ്റാണ്ടിലെ അറിയപ്പെടുന്ന ഏറ്റവും വലിയ വിശുദ്ധനായി മാറും. ഇതു പറയാനാണു വന്നത്. ഇനി ഞാൻ പോകട്ടെ. നിങ്ങൾക്കു മംഗളം." സഞ്ചാരി യാത്രയായി.

ഈ സംഭവം ആശ്രമത്തിന്റെ അന്തരീക്ഷത്തെ അടിമുടി മാറ്റി മറിച്ചു. 'നിങ്ങളിലൊരാൾ' എന്നു മാത്രമേ സന്ദർശകൻ പറഞ്ഞുള്ളു. അത് ആരാണെന്നു കൃത്യമായി അദ്ദേഹം പറഞ്ഞില്ല. അന്തേവാസികൾ ഓരോരുത്തരും ഇങ്ങനെ ചിന്തിച്ചു: 'ഞാനായിരിക്കുമോ അദ്ദേഹം പറഞ്ഞ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വിശുദ്ധനെന്നു കേൾവിപ്പെടാൻ പോകുന്നത്?' തുടർന്ന് അവർ ഇങ്ങനെ ആലോചിക്കാൻ തുടങ്ങി: "അങ്ങനെയെങ്കിൽ അത്തരം ഒരു വിശുദ്ധനു ചേർന്ന മട്ടിലുള്ളതാണോ എന്റെ ജീവിതം? എന്റെ മൻഗണനകൾ, പ്രതികരണങ്ങൾ, എന്റെ തിരഞ്ഞെടുപ്പുകൾ, എന്റെ മൂല്യബോധം, എന്റെ പെരുമാറ്റം, വാക്കുകൾ എല്ലാം അത്തരം ഒരു വിശുദ്ധനു യോജിച്ച മട്ടിലുള്ളതാണോ? ഈ നൂറ്റാണ്ടിൽ ലോകത്തിലുള്ള എല്ലാവരാലും ഞാൻ ആദരിക്കപ്പെടുമെങ്കിൽ അതിനു യോഗ്യതയുള്ള ആദരണീയമായ നിലപാടുകളുള്ള ഒരാളാണോ ഞാൻ? എന്റെ വാക്കും പ്രവൃത്തിയും ഒരു വിശുദ്ധനു ചേർന്ന മട്ടിലുള്ളതാണോ?"

ഈ ചിന്ത തങ്ങളെ ഒരു പുതിയ വെളിച്ചത്തിൽ കാണാൻ അവർ ഓരോരുത്തരേയും പ്രേരിപ്പിച്ചു. ഫലം അവരുടെ മൂല്യബോധം നവീകരിക്കപ്പെട്ടു. അവരുടെ വാക്കും പ്രവൃത്തിയും മെച്ചപ്പെട്ടു. തിരഞ്ഞെടുപ്പുകളും മുൻഗണനകളും ഗുണപ

രമായി വ്യത്യാസപ്പെട്ടു.

ഇതേ തുടർന്നു മറ്റൊരു ചിന്തയും അന്തേവാസികളിൽ ഓരോരുത്തരുടേയും ഉള്ളിൽ വന്നു: "ഒരുപക്ഷേ ഞാനല്ല ആ വിശുദ്ധനെന്നിരിക്കട്ടെ. എന്നാലും എന്നോടൊപ്പം ആശ്രമത്തിൽ കഴിയുന്ന ഈ പത്തോ പന്ത്രണ്ടോ പേരിൽ ഒരാളായിരിക്കുമല്ലോ ആ വിശുദ്ധൻ? എങ്കിൽ നാളെ ഈ ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധനെന്നു കീർത്തിപ്പെടാൻ പോകുന്ന ആളിനു വേണ്ട ആദരം ഞാൻ കൊടുക്കുന്നുണ്ടോ? അദ്ദേഹത്തെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടോ? അദ്ദേഹത്തിനു കീഴടങ്ങി ജീവിക്കാൻ ഞാൻ ഇപ്പോഴേ ശീലിക്കേണ്ടേ?"

ഈ ചിന്ത കൂടെയുള്ള ഓരോരുത്തരേയും ഒരു പുതിയ വെളിച്ചത്തിൽ വീക്ഷിക്കാൻ അവരെ ഉത്സാഹിപ്പിച്ചു. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ ഏറെ ആദരം പ്രകടമാകാൻ തുടങ്ങി. മറ്റുള്ളവരോടു താരതമ്യം ചെയ്തു സ്വയം എളിമയോടെ നില്ക്കാൻ അവർ ശീലിച്ചു.

ചുരുക്കത്തിൽ ആശ്രമത്തിന്റെ അന്തരീക്ഷം പാടേ മാറി. അതു ചുറ്റുപാടുമുള്ളവർക്കും മനസ്സിലായി. കൂടുതൽ പേർ ആശ്രമത്തിൽ ചേരാൻ എത്തി. യഥാർത്ഥ ദൈവിക മൂല്യങ്ങൾ കയ്യാളുന്ന ക്രിസ്തീയ സന്ന്യാസ സമൂഹമെന്ന നിലയിൽ ആശ്രമം പുറം നാടുകളിലും കീർത്തിപ്പെട്ടു. ദൈവനാമം അവരിലൂടെ ആ കാലഘട്ടത്തിൽ മഹത്വപ്പെട്ടു!

എവിടെയോ കേട്ട ഈ കഥ, സഭകളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇന്ന് ഏറെ പ്രസക്തമാണെന്നു തോന്നുന്നു. കഥയിലെ സന്ന്യാസ സമൂഹത്തെയും ആശ്രമത്തെയും ഒരു സഭയുടെ ചിത്രമായി എടുക്കുക. ആശ്രമത്തിലുണ്ടായ ഗുണപരമായ മാറ്റം മൂന്നു തലങ്ങളിലാണു പ്രതിഫലിച്ചത്. ഒന്നാമത് ദൈവസ്നേഹം വർധിച്ചു; അവരിലൂടെ ദൈവനാമം മഹത്വപ്പെട്ടു. രണ്ടാമത് ഓരോ വ്യക്തിയും തന്റെ ജീവിതത്തെ ആത്മപരിശോധനയ്ക്കു വിധേയമാക്കി. ഫലം ഓരോ വ്യക്തിയും തന്നിൽതന്നെ കൂടുതൽ വിശുദ്ധിയുള്ളവനായി തീർന്നു. മൂന്നാമത് കൂടെയുള്ളവരെ വർധിച്ച ആദരവോടെയും സ്നേഹത്തോടെയും കാണാൻ ഇടയായി. ഒരു യഥാർത്ഥ സഭയിലും വാസ്തവത്തിൽ ഈ മൂന്നു കാര്യങ്ങളല്ലേ നടക്കുന്നത്? നടക്കേണ്ടത്?

ഇതിനോടുള്ള ബന്ധത്തിൽ ഒരു വേദഭാഗം നോക്കാം. മത്തായി 22:35 - 40 വാക്യങ്ങൾ: "അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു. ഗുരോ ന്യായപ്രമാണത്തിൽ ഏതു കല്പന വലിയത് എന്നു ചോദിച്ചു. യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു."

ദൈവത്തിന്റെ കല്പനകളുടെ എല്ലാം ആത്മാവ് സത്യത്തിൽ സ്നേഹമാണ്. ന്യായപ്രമാണത്തിലും (പഴയനിയമം) കല്പനകളിലുമൊന്നും സ്നേഹം അന്തർഭവിച്ചിട്ടുള്ളതായി നമുക്കു തോന്നുകയില്ല. എന്നാൽ പഴയ നിയമത്തിന്റെയും കല്പനകളുടെയും ഹൃദയം സത്യത്തിൽ സ്നേഹമാണെന്നു യേശു വെളിപ്പെടുത്തുകയാണിവിടെ ('ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു')

യേശു പറഞ്ഞ മറുപടിയിൽ മൂന്നു സ്നേഹങ്ങളാണു പരാമർശിക്കപ്പെടുന്നത്.

▶ *ശേഷം പേജ് 41*

സന്ദേശം

# ക്രിസ്തുവിൽ ഏകശരീരമായി പണിയപ്പെടുന്ന സഭ

**പുതിയ** നിയമത്തിൽ **വലിയ മർമ്മങ്ങൾ** എന്ന പേരിൽ എടുത്തു കാണിച്ചിട്ടുള്ള രണ്ടു കാര്യങ്ങളുണ്ട്. ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു എന്നതൊന്ന് (1തിമൊ. 3:16); ക്രിസ്തുവിന്റെ ശരീരമായ സഭ മറ്റൊന്ന് (എഫെ. 5:32). ദൈവിക വെളിപ്പാടുകൊണ്ടു മാത്രം ഗ്രഹിപ്പാൻ കഴിയുന്ന ഒരു രഹസ്യത്തെയാണ് ബൈബിളിൽ 'മർമ്മം' എന്നു വിളിക്കുന്നത്. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ നമ്മുടെ മാനുഷിക ബുദ്ധികൊണ്ട് ഈ വലിയ മർമ്മങ്ങളെയോ താരതമ്യേന മഹത്വം കുറഞ്ഞ മറ്റ് ദൈവിക മർമ്മങ്ങളെയോ മനസ്സിലാക്കുവാൻ ഒരുനാളും സാധ്യമല്ല.

യിസ്രായേൽ ജനതയുടെ മധ്യത്തിൽ ജീവിച്ചിരുന്ന ഏറ്റവും സമർത്ഥനായ വ്യക്തിയായിരുന്നില്ല



*ഓരോരുത്തൻ സ്വന്തഗുണമല്ല,*
*മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കുകയും വേണം*

പത്രൊസ്. എങ്കിലും ക്രിസ്തു ആരെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ദൈവിക വെളിപ്പാടിലൂടെയാണ് പത്രൊസിന് ഈ മർമ്മം അറിയാൻ കഴിഞ്ഞതെന്നു യേശു ഉടൻ തന്നെ ചൂണ്ടിക്കാണിച്ചു (മത്താ. 16:17). തന്റെ സഭയെ ഈ പാറമേൽ താൻ പണിയുമെന്നും കർത്താവ് തുടർന്നു പറഞ്ഞു. പരിശുദ്ധാത്മാവ് നമുക്കു വെളിപ്പെടുത്തുന്ന ക്രിസ്തുവിന്മേൽ മാത്രമാണ് യഥാർത്ഥ സഭ പണിയപ്പെടുന്നത്.

ഈ രണ്ടു വലിയ മർമ്മങ്ങളെപ്പറ്റിയുള്ള ദൈവിക വെളിപ്പാട് എഫെസോസിലെ ക്രിസ്ത്യാനികൾക്കു ലഭിക്കണം എന്ന അഭിവാഞ്ഛയായിരുന്നു അവർക്കു വേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥനയിലെ കേന്ദ്രഭാഗം. “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെ (യേശുവിനെ)ക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്... ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അവനെ... സർവത്തിനും മീതേ തലയാക്കി... അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കയും ചെയ്തിരിക്കുന്നു” (എഫെ. 1:17-23).

യേശു പിതാവായ ദൈവത്തോടുള്ള സമത്വം വെടിഞ്ഞു തന്നെത്താൻ ഒഴിച്ചു നമ്മെപ്പോലെ ഒരു മനുഷ്യനായിത്തീർന്നപ്പോൾ നമുക്കുള്ളതുപോലെ സ്വന്തമായ ഇച്ഛകൾ ഉള്ള ഒരു ശരീരം അവിടുത്തേക്കു നൽകപ്പെട്ടു. കർത്താവ് ആ ശരീരം സ്വീകരിക്കുകയും അതിനെ തന്റെ പിതാവിന് ഒരു നിരന്തരയാഗമായി അർപ്പിക്കുകയും ചെയ്തു. ആ ശരീരത്തിൽ ഒരിക്കലും അവിടുന്ന് സ്വന്ത ഇഷ്ടം ചെയ്യാതെ പിതാവിന്റെ ഇഷ്ടം മാത്രം ചെയ്തു. അവിടുന്ന് ഇപ്രകാരം പറഞ്ഞു: “ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല. എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു... ഇതാ ഞാൻ വരുന്നു... ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു” (എബ്രാ. 10:5-7). പഴയ നിയമത്തിൽ എല്ലാ യാഗങ്ങളും ശരീരത്തിനു പുറത്താണ് അർപ്പിക്കപ്പെട്ടിരുന്നത്. കാളകളും ആടുകളും മറ്റുമായ യാഗങ്ങൾ. എന്നാൽ ഇവ ദൈവം ആഗ്രഹിച്ചിരുന്ന യഥാർത്ഥ യാഗത്തിങ്കലേക്ക് – നമ്മുടെ ശരീരം തന്നെ അർപ്പിക്കുന്ന യാഗത്തിലേക്ക് – വിരൽ ചൂണ്ടുന്ന വയായിരുന്നു. യേശു ഓരോ ദിവസവും തന്റെ ഇച്ഛയെ നിരാകരിച്ചുകൊണ്ട് സ്വന്ത ശരീരത്തിൽത്തന്നെ ഈ യാഗം അർപ്പിച്ചു. ഫലമോ മനുഷ്യചരിത്രത്തിൽ ഒന്നാമതായി ഒരു മാനുഷ ശരീരത്തിൽ പാപത്തിന്മേലുള്ള പരിപൂർണ്ണ വിജയം സാധിതമായിത്തീർന്നു. അവിടുന്നു പാപത്തിന് തന്റെ ജഡത്തിൽ (മരണ) ശിക്ഷ വിധിച്ചു (റോമർ 8:3). ഒരു മനുഷ്യനെന്ന നിലയിൽ യേശു പിതാവിന്റെ ഇഷ്ടം സമ്പൂർണ്ണമായും നിറവേറ്റി. അതുമൂലം അവിടുന്നു നിത്യപിതാവായ ദൈവത്തോട് ഒന്നായിത്തീർന്നു. ഈ ഐക്യത്തെപ്പറ്റിയാണ് യേശു ക്രൂശുമരണത്തിന്റെ തലേന്നാൾ ചെയ്ത സുപ്രധാന പ്രാർത്ഥനയിൽ പരാമർശിച്ചിട്ടുള്ളത് (യോഹ. 17:11,23).

തന്റെ ശരീരമാകുന്ന സഭയും അതുപോലെ തന്നെ ഒന്നാകണം എന്നായിരുന്നു യേശുവിന്റെ പ്രാർത്ഥന. “നാം ഒന്നായിരിക്കുന്നതുപോലെ

അവരും ഒന്നാകേണ്ടതിന്" (യോഹ. 17:23).

ഭൂമിയിൽ യേശുക്രിസ്തുവിന്റെ ഭൗതികശരീരത്തിൽ സാധിച്ച പ്രവൃത്തി ഇപ്പോൾ നമ്മുടെ ശരീരങ്ങളിലും നിറവേറേണ്ടതിനും അങ്ങനെ നാം ക്രിസ്തുവിൽ ഒരു ശരീരമാകേണ്ടതിനുമാണ് പെന്തക്കോസ്തു നാളിൽ ദൈവം പരിശുദ്ധാത്മാവിനെ ശിഷ്യന്മാരുടെമേൽ ചൊരിഞ്ഞു കൊടുത്തത്.

"നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" എന്നു തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നതും ഇതേ ലക്ഷ്യത്തോടുകൂടിയാണ് (റോമ. 12:1). ഇതിന്റെ ഫലമായിട്ടാണ് പലരായ നാം ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നത് (റോമ. 12;5). അതിനാൽ നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി ദൈവത്തിനു നാം സമർപ്പിക്കുന്നില്ല എങ്കിൽ ക്രിസ്തുവിൽ നാം ഏകശരീരമായിത്തീരും എന്നു പ്രതീക്ഷിക്കുന്നത് അസ്ഥാനത്തു തന്നെയാണ്. നാം ക്രിസ്തുവിന്റെ കാൽപ്പാടുകളിലൂടെ അവിടുത്തെ പിന്തുടരുകയും അവിടുന്നു തന്റെ ശരീരം അർപ്പിച്ചതുപോലെ പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യുവാൻ നമ്മുടെ ശരീരവും യാഗമായി അർപ്പിക്കയും ചെയ്യുമ്പോൾ മാത്രമേ വിശ്വാസികളായ നാം ഒന്നായിത്തീരുകയുള്ളു. അങ്ങനെ ചെയ്യുമ്പോൾ നാം 'യേശുവിന്റെ മരണം' നമ്മുടെ ശരീരത്തിൽ വഹിക്കുകയും 'യേശുവിന്റെ ജീവൻ' നമ്മിൽ വെളിപ്പെടുകയും ചെയ്യും (2 കൊരി. 4:10). എല്ലാ ശിഷ്യ ജനങ്ങളിലും വെളിപ്പെടുന്ന ഈ ജീവനാണ് അവരെ ഒന്നാക്കിത്തീർക്കുന്നത്. നേരെമറിച്ച് ആദാമ്യ

**സഭയുടെ പണിയിൽ ക്രിസ്തുവിനോടൊപ്പം കൂട്ടുവേലക്കാരായിരിക്കുവാൻ ആഗ്രഹിക്കുന്നവർ അവിടുത്തെ ദൃഷ്ടാന്തം പിന്തുടരുകയും സഭയെ സ്നേഹിച്ച് അവൾക്കുവേണ്ടി തന്നെത്താൻ ഉപേക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യം തന്നെ. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ഒന്നായിത്തീരുന്ന വിശ്വാസികളുടെ ഒരു സമൂഹം ക്രൂശിന്റെ അനുഭവം കൂടാതെ ഉണ്ടാകുവാൻ സാധ്യമല്ല. മീറ്റിംഗുകൾ കൊണ്ടോ പരിശുദ്ധാത്മസ്നാനം കൊണ്ടോ ആത്മ വരങ്ങൾ കൊണ്ടോ ഏതെങ്കിലും വലിയ നേതാവിനോടുള്ള ബന്ധവും അനുസരണവും കൊണ്ടോ ഇപ്രകാരം ഒന്നാവുക സാധ്യമല്ല.**

ജീവനാണ് നമ്മിൽ ഉള്ളതെങ്കിൽ എത്ര പ്രബോധനം നൽകിയാലും ഐക്യത്തെ ലക്ഷ്യമാക്കി എത്ര സമ്മേളനങ്ങൾ നടത്തിയാലും ഉപദേശത്തിൽ എത്ര സമ്പൂർണ്ണമായ ഐകരൂപ്യം ഉണ്ടായാലും നാം ഒന്നായിത്തീരുക ഒരിക്കലും സാധ്യമല്ല.

യേശുവിന്റെ മരണത്തെ സംബന്ധിച്ച് – അതായത് തന്റെ ശരീരത്തിൽ യേശു എല്ലാ സ്വേച്ഛയെയും മരണത്തിന് ഏല്പിച്ചതിനെക്കുറിച്ച്

**ഓരോ സഭയിലും യഥാർത്ഥമായി ക്രൂശിക്കപ്പെട്ടു സ്വന്തജീവനെ പൂർണ്ണമായും പകയ്ക്കുന്ന വ്യക്തികൾ അടങ്ങിയ ഒരു കേന്ദ്ര വ്യൂഹം ഉണ്ടായിരിക്കണം. ഇവർ ജഡമാകുന്ന തിരശ്ശീലയിലൂടെ അതിവിശുദ്ധസ്ഥലത്തേക്കു കടന്നവരും തലയായ ക്രിസ്തുവിനോടും അന്യോന്യവും ഒന്നായിത്തീർന്നവരും ആയിരിക്കണം. അങ്ങനെയെങ്കിൽ അവർക്ക് അന്ധകാരശക്തികളെ ബന്ധിക്കുവാൻ ശക്തിയുണ്ടായിരിക്കും. അപ്രകാരമുള്ള കേവലം രണ്ടോ മൂന്നോ വിശ്വാസികൾക്കുപോലും അന്ധകാരശക്തികളെ ബന്ധിക്കുവാൻ അധികാരമുണ്ടായിരിക്കുമെന്നു കർത്താവ് പ്രസ്താവിച്ചിട്ടുണ്ട്**

– നമുക്ക് വെളിപ്പാടു ലഭിക്കേണ്ടതാവശ്യമാണ് (യെശ. 53:1–6). ഈ മരണം നമ്മിൽ നാൾതോറും സംഭവിച്ചു കൊണ്ടിരിക്കുമാറ് നമ്മുടെ ശരീരങ്ങളെ നാം യാഗമായി അർപ്പിക്കുമ്പോൾ, സകല സ്വാർത്ഥാന്വേഷണത്തെയും സ്വയം സഹതാപത്തെയും സ്വയം നീതീകരണത്തെയും എല്ലാ തന്നിഷ്ടത്തെയും ഒന്നടങ്കം കൊലപ്പെടുത്തുവാൻ നമുക്കു കഴിയും. അപ്പോൾ നമ്മുടെ മധ്യത്തിൽ ഏകത്വമെന്ന അത്ഭുതം സംജാതമാകുന്നത് നമുക്കു കാണുവാൻ കഴിയും.

എഫെസ്യർ 4:16ൽ ക്രിസ്തുവിന്റെ ശരീരം "അതിലെ ഓരോ അംഗത്തിന്റെയും അതതു വ്യാപാരത്തിനൊത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും വളർച്ച പ്രാപി"ക്കുന്നതായി നാം വായിക്കുന്നു. ഒരു ശരീരത്തിലെ എല്ലാ ഭാഗങ്ങളും ഒരുമിച്ചു ചേർന്നിരിക്കയും പ്രവർത്തിക്കയും ചെയ്യണമെങ്കിൽ അവയ്ക്കിടയിൽ "ഉതവി ലഭിപ്പാനുള്ള സന്ധികൾ" ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. അപ്പോൾ മാത്രമേ ആ ശരീരത്തിനു പ്രവർത്തിപ്പാൻ സാധിക്കുകയുള്ളു. എന്റെ ഭൗതിക ശരീരത്തിലെ അസ്ഥികളെ തമ്മിൽ യോജിപ്പിക്കുന്ന കൈമുട്ട്, കാൽമുട്ട് മുതലായ സന്ധികൾ ഉണ്ടായിരുന്നില്ലെങ്കിൽ കൈകാലുകൾ സ്വതന്ത്രമായി ചലിപ്പിച്ച് അവയെ പ്രവർത്തിപ്പിക്കുവാൻ ശരീരത്തിനു കഴിയുകയില്ലായിരുന്നു. ഈ സന്ധികൾ അഥവാ ചേർപ്പുകൾക്കു സ്ഥാനഭ്രംശമുണ്ടാകയോ അവ ശരിയായി പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുമ്പോൾ എന്റെ ശരീരത്തിൽ പ്രവർത്തനക്ഷമത പരിമിതമായിത്തീരുന്നു. ഇതുപോലെ തന്നെയാണു ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയും. ആ ശരീരത്തിലെ രണ്ടു വ്യക്തികൾക്കിടയിൽ ക്രൂശാകുന്ന സന്ധി ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ അർത്ഥം എന്താണെന്നു പറയാം. ഓരോ സഭാംഗവും മറ്റൊരംഗവുമായിട്ടുള്ള ബന്ധത്തിൽ തന്റെ ജീവൻ വച്ചു കൊടുക്കയും സ്വയം മരിക്കുകയും ചെയ്യേണ്ടതാണ് (1 യോഹ. 3:16). അതുപോലെ തന്നെ ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കുകയും

വേണം (ഫിലി. 2:4). സഭാംഗങ്ങളായ നമുക്കൊരുമിച്ചു സുഗമമായി പ്രവർത്തിച്ചു മുന്നേറുവാനുള്ള ഏക സന്ധി ഇതു തന്നെയാണ്. സഭയെ പ്പണിയുന്നതിനുള്ള പ്രമാണം - ക്രൂശിന്റെ പ്രമാണം- ഇതു തന്നെ. തന്റെ ശിഷ്യന്മാരോട് യേശു സഭയെ പ്പറ്റി ആദ്യമായി സംസാരിച്ച അവസരത്തിൽ അതിന്റെ തൊട്ടടുത്തുള്ള തുടർച്ചയായി ഈ കാര്യം പറഞ്ഞിട്ടുള്ളതു നോക്കുക (മത്താ. 16:18,24,25).

ക്രിസ്തുവും സഭയെ സ്നേഹിച്ചു തന്നെത്തന്നെ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു. (gave up അഥവാ ഉപേക്ഷിച്ചു എന്ന പദമാണ് ഏല്പിച്ചു കൊടുത്തു എന്നതിന്റെ സ്ഥാനത്ത് ഇംഗ്ലീഷ് ബൈബിളിൽ ഉള്ളത്). സഭയുടെ പണിയിൽ ക്രിസ്തുവിനോടൊപ്പം കൂട്ടുവേലക്കാരായിരിക്കുവാൻ ആഗ്രഹിക്കുന്നവർ (1കൊരി. 3:9) അവിടുത്തെ ദൃഷ്ടാന്തം പിന്തുടരുകയും സഭയെ സ്നേഹിച്ച് അവൾക്കുവേണ്ടി തന്നെത്താൻ ഉപേക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യം തന്നെ. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ഒന്നായിത്തീരുന്ന വിശ്വാസികളുടെ ഒരു സമൂഹം ക്രൂശിന്റെ അനുഭവം കൂടാതെ ഉണ്ടാകുവാൻ സാധ്യമല്ല. മീറ്റിംഗുകൾ കൊണ്ടോ പരിശുദ്ധാത്മ സ്നാനം കൊണ്ടോ ആത്മ വരങ്ങൾ കൊണ്ടോ ഏതെങ്കിലും വലിയ നേതാവിനോടുള്ള ബന്ധവും അനുസരണവും കൊണ്ടോ ഇപ്രകാരം ഒന്നാവുക സാധ്യമല്ല. ക്രൂശിൽക്കൂടി മാത്രമാണ് ക്രിസ്ത്യാനികളെ തമ്മിൽ ഭിന്നിപ്പിക്കുന്ന എല്ലാ ദുരാത്മാക്കളും പുറത്താക്കപ്പെടുന്നത്. യേശു ദുഷ്ടാത്മ ശക്തികളെയും അവയുടെ വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പിച്ചു അവയുടെമേൽ ജയോത്സവം കൊണ്ടാടിയത് ക്രൂശിൽ വച്ചാണ് (കൊലൊ. 2:15). അതുപോലെ വിശ്വാസികൾ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുമ്പോൾ മാത്രമേ എല്ലാ ദുഷ്ട ശക്തികളും പുറത്തു വരികയും ആയുധവർഗ്ഗം വച്ചു കീഴടങ്ങി പ്രാദേശിക സഭകളിൽ നിന്നു നിഷ്കാസിതരാവുകയും ചെയ്കയുള്ളു. ജഡത്തിന്റെ പ്രവൃത്തികളോടു പോരാടുന്ന ഏകശക്തിയായ പരിശുദ്ധാത്മാവ് അപ്പോൾ അധീശത്വം പ്രാപിക്കും.

ഓരോ സഭയിലും യഥാർത്ഥമായി ക്രൂശിക്കപ്പെട്ടു സ്വന്തജീവനെ പൂർണ്ണമായും പകയ്ക്കുന്ന വ്യക്തികൾ അടങ്ങിയ ഒരു കേന്ദ്രവ്യൂഹം ഉണ്ടായിരിക്കണം. ഇവർ ജഡമാകുന്ന തിരശ്ശീലയിലൂടെ അതിവിശുദ്ധസ്ഥലത്തേക്കു കടന്നവരും തലയായ ക്രിസ്തുവിനോടും അന്യോന്യവും ഒന്നായിത്തീർന്നവരും ആയിരിക്കണം (എബ്രാ. 10:20). അങ്ങനെയെങ്കിൽ അവർക്ക് അന്ധകാരശക്തികളെ ബന്ധിക്കുവാൻ ശക്തിയുണ്ടായിരിക്കും. അപ്രകാരമുള്ള കേവലം രണ്ടോ മൂന്നോ വിശ്വാസികൾക്കു പോലും അന്ധകാരശക്തികളെ ബന്ധിക്കുവാൻ അധികാരമുണ്ടായിരിക്കുമെന്നു കർത്താവ് പ്രസ്താവിച്ചിട്ടുണ്ട് (മത്താ. 18:18-20).

ലോകത്തിലുടനീളം ഈ വിധത്തിലുള്ള പ്രാദേശിക സഭകൾ ഉണ്ടായിക്കാണുന്നതിനായി കർത്താവ് കാത്തിരിക്കുകയാണ്. അവയിലൂടെ തന്റെ ശക്തി വെളിപ്പെടുത്തുവാനും തന്റെ രാജ്യത്തിന്റെ ആധിപത്യം ഉറപ്പിക്കുവാനും കർത്താവിനു കഴിയും. ■

# ഒരേ പുതു മനുഷ്യൻ

**നമ്മെ** പുതു മനുഷ്യനായി സൃഷ്ടിക്കുക (എഫെ. 2:15) – യേശുക്രിസ്തുവിലൂടെ ദൈവം ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ ഏറ്റവും അർത്ഥപൂർണ്ണമായ ഒരു വിവരണമാണിത്. രണ്ടു വിഭാഗമാളുകൾ ഒരേ പുതു മനുഷ്യനായിപ്പരിണമിക്കുന്നതിനെപ്പറ്റി ആലോചിച്ചു നോക്കുക. ഇവിടെ നാം വായിക്കുന്നത് യെഹൂദന്മാരെയും യെഹൂദേതരരെയും പറ്റിയാണ്. ലോകത്തിൽ അത്യന്തം വിഭിന്ന സ്വഭാവികളായി അറിയപ്പെടുന്ന രണ്ടു കൂട്ടരാണിവർ. യാതൊരു കൂട്ടായ്മയും അവർ തമ്മിലുണ്ടായിരുന്നില്ല. ഈ വലിയ വേർപാട് ആർക്കും തരണം ചെയ്യാനാവാത്ത ഒരു നടുച്ചുവരായിരുന്നു. പാപമാണ് ഈ നടുച്ചവർ കെട്ടിയുയർത്തിയത്. ആദാമിന്റെ പതനം ഏറ്റവും ആഴമായ ഫലങ്ങളെയാണ് ഉളവാക്കിയിട്ടുള്ളത്. അതു ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ബാധിക്കുന്നതത്രെ. ആ വീഴ്ചയ്ക്കു ശേഷമുള്ള ആദ്യ തലമുറയിൽത്തന്നെ കയീൻ അസൂയയാൽ പ്രേരിതനായി തന്റെ സഹോദരൻ ഹാബേലിനെ കൊല ചെയ്യുവാനിടയാകത്തവണ്ണം പാപത്തിന്റെ ശക്തി അത്ര ഭയാനകമായിരുന്നു. എന്നാൽ ഇതിന്റെ മറുവശത്തു യേശുക്രിസ്തുവിലൂടെ ഈ പതനത്തിന്റെ മേൽ ദൈവം സാധിച്ച വിജയം എത്ര അത്ഭുതകരം! അതു മൂലം ഇപ്പോൾ അത്യന്തം വിഭിന്നരായ രണ്ടു ജനവിഭാഗങ്ങൾക്കു സമ്പൂർണ്ണമായും ഒന്നാകുക സാധ്യമായിത്തീർന്നിരിക്കുന്നു. ദൈവത്തിന് എല്ലാ മഹത്വവും ഉണ്ടാകട്ടെ.

അവൻ നമ്മുടെ സമാധാനം (എഫെ. 2:14,15). ജഡത്തിലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. **പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു** (റോമ. 8:3). പാപത്തിനു ജഡത്തിൽ ശിക്ഷ വിധിക്കുക എന്നു പറഞ്ഞാൽ പാപം മൂലമുണ്ടായ ശത്രുത്വത്തിന്റെ അഥവാ വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളയുക തന്നെയാണത്. ഇതു ക്രിസ്തുവിൽ സംഭവിച്ചു. എന്നാൽ എല്ലാറ്റിലും മഹത്വപൂർണ്ണമായ വസ്തുത ഇതാണ്: **ഇത് ഇപ്പോൾ നമ്മിൽ സംഭവിക്കുവാൻ കഴിയും.** നമ്മുടെ ജഡത്തിലുള്ള ശത്രുത്വത്തെ നമുക്ക് ഇടിച്ചു കളവാൻ സാധിക്കും. നമ്മുടെ ജഡത്തിൽ വസിക്കുന്ന എല്ലാ പാപത്തെയും ശത്രുത്വമെന്നു വിളിക്കാവുന്നതാണ്. ദൈവത്തിനെതിരെയുള്ള ശത്രുത്വം: മനുഷ്യർ തമ്മിൽത്തമ്മിലുള്ള ശത്രുത്വവും. രണ്ടും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ നാം വിശ്വസ്തരായി വെളിച്ചത്തിൽ നടക്കുന്ന

പക്ഷം അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7).

ഈ കാര്യം സംഭവിക്കുന്നതോടെ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടായിത്തീരുന്നു. ഈ അനുഭവത്തിൽ നാം വേരുറയ്ക്കുമ്പോൾ നമ്മുടെ കൂട്ടായ്മ അധികമധികം ആഴമുള്ളതും രണ്ടു വ്യക്തികൾ അതിന്റെ പൂർണ്ണതയിലെത്തുന്നതോടെ 'ഒരേ പുതുമനുഷ്യ'നായിത്തീരുന്നതുമാകുന്നു. അവരിലുള്ള ശത്രുത്വം നിശ്ശേഷം നശിച്ചു പോകുകയും അവർ ഒന്നുതന്നെ സംസാരിക്കുന്നവരായി ഏക മനസ്സിലും ഏകാഭിപ്രായത്തിലും സംയോജിപ്പിക്കപ്പെടുകയും ചെയ്യുന്നു (1 കൊരി. 1:10). നിത്യവും അനശ്വരവുമായ ഒരു ബന്ധത്തോടുകൂടി അവർ ക്രിസ്തുവിന്റെ ശരീരത്തിൽ ഒന്നായിത്തീരുന്നു (എഫെ. 4:16) ഹാ! നമ്മുടെ വിളി യഥാർത്ഥത്തിൽ എത്ര മഹത്വപൂർണ്ണം!!

അതുകൊണ്ട് എല്ലാ പാപത്തിനുമെതിരെ, അതായത് ഈ ശത്രുത്വം ഏതെങ്കിലും രൂപത്തിൽ ഇനി നമ്മിൽ പ്രവേശിക്കുന്നതിനെതിരെ, നമുക്കു ജാഗ്രത പാലിക്കാം. അസൂയ, അന്യോന്യം വിധിക്കൽ, ഉന്നതഭാവം, വിദ്വേഷം എന്നിങ്ങനെയുള്ള ഏതെങ്കിലും പാപം നമ്മിൽ കടക്കാതെ നമുക്കു സൂക്ഷിക്കാം. ഈ പാപങ്ങൾ പിന്നെയും വേർപാടിന്റെ ചുമർ കെട്ടിപ്പൊക്കുന്നവയാണ്. പാപം എപ്പോഴും നമ്മെ വേർപിരിക്കുന്നു; ക്രിസ്തുവിന്റെ സദ്ഗുണങ്ങളോ നമ്മെ ഒന്നാക്കിത്തീർക്കുന്നു. ഇപ്രകാരം നമ്മെ ഭിന്നിപ്പിക്കുകയോ യോജിപ്പിക്കുകയോ ചെയ്യുന്ന കാര്യങ്ങളെ തമ്മിൽ തിരിച്ചറിയുമാറ് നമ്മുടെ ഇന്ദ്രിയങ്ങളെ അഭ്യസിപ്പിക്കുക എന്നത് അതിശ്രേഷ്ഠമായ കൃത്യം തന്നെ. ഭിന്നിപ്പിക്കുന്ന എല്ലാറ്റിനെയും നമുക്ക് ഇടിച്ചു കളയാം. തമ്മിൽത്തമ്മിൽ സമാധാനത്തിനും ആത്മിക വർദ്ധനയ്ക്കും ഉതകുന്ന കാര്യങ്ങളെ നമുക്കു പിന്തുടരാം (റോമ. 14:19). വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളയേണ്ടതെങ്ങനെയെന്നു നാമറിയുന്നില്ലെങ്കിൽ – നാം ദൈവത്തിന്റെ പ്രവൃത്തിയെ നശിപ്പിക്കുന്നവരായിത്തന്നെ തീർന്നു പോകാം (റോമ. 14:20). 'ഒരേ പുതു മനുഷ്യൻ' എന്ന നിർവചനം നമ്മിൽ യഥാർത്ഥമായിത്തീരത്തക്കവണ്ണം ഒരു വലിയ ഗൗരവബോധം നമ്മിൽ ഉണ്ടായിത്തീരട്ടെ. അതു നമ്മിൽ സുസ്ഥിരമായി നിലനില്ക്കയും ചെയ്യട്ടെ. ■

> പാപം എപ്പോഴും നമ്മെ വേർപിരിക്കുന്നു; ക്രിസ്തുവിന്റെ സദ്ഗുണങ്ങളോ നമ്മെ ഒന്നാക്കിത്തീർക്കുന്നു. ഇപ്രകാരം നമ്മെ ഭിന്നിപ്പിക്കുകയോ യോജിപ്പിക്കുകയോ ചെയ്യുന്ന കാര്യങ്ങളെ തമ്മിൽ തിരിച്ചറിയുമാറ് നമ്മുടെ ഇന്ദ്രിയങ്ങളെ അഭ്യസിപ്പിക്കുക എന്നത് അതിശ്രേഷ്ഠമായ കൃത്യം തന്നെ. ഭിന്നിപ്പിക്കുന്ന എല്ലാറ്റിനെയും നമുക്ക് ഇടിച്ചു കളയാം. തമ്മിൽത്തമ്മിൽ സമാധാനത്തിനും ആത്മിക വർദ്ധനയ്ക്കും ഉതകുന്ന കാര്യങ്ങളെ നമുക്കു പിന്തുടരാം

വിവാഹ സന്ദേശങ്ങൾ

## സ്വർഗ്ഗീയ ഭവനം ഭൂമിയിൽ - III

# ദാമ്പത്യ ജീവിതം ഒരു പൂന്തോട്ടം

സാക് പുന്നൻ

*(എന്റെ മൂന്നാമത്തെ മകൻ സന്ദീപിന്റെയും ലോറായുടെ വിവാഹ വേളയിൽ നൽകിയ സന്ദേശം)*

ആദ്യവിവാഹം ഒരു തോട്ടത്തിൽ ദൈവം തന്നെയാണ് ആശീർവദിച്ചത്. ഇവിടെ ഈ വിവാഹത്തിൽ നാം ആയിരിക്കുമ്പോലെയുള്ള ഒരു ചുറ്റുപാടിൽ ആയിരിക്കുന്നതും നല്ലതു തന്നെയാണ്. നാം ഇരിക്കുന്നതു പോലെയുള്ള ഒരു ഉദ്യാനം തന്നെയായിരുന്നു ഏദൻ- വളരെയേറെ മനോഹരമായിരുന്നിരിക്കണം. ഈ വിവാഹത്തിന് ഇവിടെ കൂടിവരുവാൻ കഴിഞ്ഞതിൽ നമുക്കു ദൈവത്തിനു നന്ദി പറയാം.

സന്ദീപ്, ലോറാ, ഞാൻ യെശയ്യാവ് 58:11-ലെ ഒരു വാഗ്ദാനം നിങ്ങൾക്കു നൽകുന്നു: “നീ നനവുള്ള ഒരു തോട്ടം പോലെയാകും.” നിങ്ങളുടെ വിവാഹജീവിതം ‘നനവുള്ള ഒരു തോട്ടം’ പോലെയാകും എന്നു ഞാൻ പറയട്ടെ.

ഉല്പത്തി 2-ൽ നാം ഇപ്രകാരം കാണുന്നു: “യഹോവയായ ദൈവം ഒരു തോട്ടം നട്ടുണ്ടാക്കി. താൻ സൃഷ്ടിച്ച ആണിനെയും പെണ്ണിനെയും അതു കാക്കുവാൻ അവിടെ ആക്കി.” അതോടൊപ്പം മറ്റൊരു തോട്ടം കൂടി ദൈവം ആദമിനും ഹവ്വയ്ക്കും നൽകി- വേല ചെയ്യുവാനും കാക്കുവാനും. അതു തങ്ങളുടെ വിവാഹ ബന്ധമായിരുന്നു. എന്നാൽ അവർ അതിൽ അദ്ധ്വാനിച്ചില്ല. ഫലം തങ്ങളുടെ ഇടയിൽ പിശാചിനു കടന്നു വരുവാൻ അവർ ഇടം നൽകി.

ദൈവം ഇന്നു ഒരു തോട്ടം നിങ്ങളെ ഏല്പിച്ചിരിക്കുന്നു- വേല ചെയ്യുവാനായി. അവഗണിക്കപ്പെട്ടാൽ ഏതൊരു തോട്ടവും വേഗം തന്നെ വന്യമായിത്തീരും. സദൃശവാക്യങ്ങൾ 24:30-34 വാക്യങ്ങളിൽ മടിയനായ ഒരു മനുഷ്യന്റെ തോട്ടം എപ്രകാരം വന്യമായിത്തീർന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഒട്ടേറെ വിവാഹ ജീവിതങ്ങളിലും സംഭവിച്ചിരിക്കുന്നത് അതു തന്നെയാണ്. എന്നാൽ അതു നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുവാൻ പാടില്ല. നിങ്ങളുടെ ദാമ്പത്യ ജീവിതത്തെ സംബന്ധിച്ചുള്ള ദൈവിക വാഗ്ദാനം ഇതാണ്: ‘അതു നനയ്ക്കുന്ന ഒരു തോട്ടം പോലെയാകും.’

ദൈവവചനത്തിൽ കാണുന്ന മൂന്നു തരം തോട്ടങ്ങളെക്കുറിച്ചു ഞാൻ നിങ്ങളോടു പറയാം,

1) ഏദൻ തോട്ടം. 2) ഗത്സമന തോട്ടവും കാൽവറിയും. 3) ഉത്തമ ഗീതത്തിലെ കാന്തന്റെ തോട്ടം.

**ഏദൻ തോട്ടം**

എങ്ങനെയാണു പാപം ഏദൻ തോട്ടത്തിൽ കടന്നു വന്നത്? ആദമിനും ഹവ്വയ്ക്കും ഉണ്ടായിരുന്ന രണ്ടു തെറ്റായ മനോഭാവങ്ങൾ മൂലമാണ് അതു സംഭവിച്ചത്.

ഒന്നാമത്തേത് നിഗളമായിരുന്നു. ദൈവത്തെക്കാൾ അറിവു തങ്ങൾക്കുണ്ടെന്ന് അവർ കരുതി. അനുസരണക്കേട് കാണിച്ച ശേഷം രക്ഷപ്പെടാമെന്നും അവർ വിചാരിച്ചു. ഇന്നും ലോകത്തിലെ ഒട്ടേറെ ആളുകളും വിശ്വസിക്കുന്നത് അങ്ങനെയാണ്.

രണ്ടാമത്തെ മനോഭാവം സ്വാർത്ഥതയായിരുന്നു. ആ ഫലം തിന്നാൽ തങ്ങൾക്കു ലഭിക്കാൻ പോകുന്നതിനെക്കുറിച്ചു മാത്രം അവർ ചിന്തിച്ചു. "സ്ത്രീ ആ ഫലത്തെ നോക്കി തന്റെ കാമനകളെ തൃപ്തിപ്പെടുത്താനും തന്നെ ജ്ഞാനിയാക്കുവാനും അതു നല്ലതെന്നു കണ്ടു." എന്ന് അവിടെ എഴുതിയിരിക്കുന്നു.

നിഗളവും സ്വാർത്ഥതയുമാണ് പാപത്തിന്റെ ആരംഭ കാരണങ്ങൾ. പ്രകടമാകുന്നതു പല തരത്തിലാണെങ്കിലും ഇന്നു മനുഷ്യരാശിയിലെ സകല പാപങ്ങൾക്കും കാരണം ഇവ തന്നെയാണ്.

അടിസ്ഥാനപരമായി ദൈവത്തിൽ നിന്നു സ്വതന്ത്രമായി തന്നിൽത്തന്നെ കേന്ദ്രീകൃതമായ ഒരു ജീവിതമാണ് എല്ലാ മനുഷ്യനും ആഗ്രഹിക്കുന്നത്. അങ്ങനെയാണു പാപം കടന്നു വരുന്നത്.

**ഗെത്സെമെനെയും കാൽവറിയും**

പാപം കടന്നു വന്നത് ഒരു തോട്ടത്തിലാണ്. നമ്മുടെ രക്ഷയ്ക്കുവേണ്ടി യേശു അദ്ധ്വാനം ചെയ്തതും ഒരു തോട്ടത്തിലാണ്.

ഗത്സെമെന തോട്ടത്തെക്കുറിച്ചു വളരെയാളുകൾക്കറിയാം. എന്നാൽ യേശു ക്രൂശിക്കപ്പെട്ടത് ഒരു തോട്ടത്തിലാണെന്ന് അധികം പേർക്കും അറിവില്ല. അതുപോലെ യേശു കബറടക്കപ്പെട്ടതും. യോഹന്നാൻ 19:41ൽ പറയുന്നു: "യേശുവിനെ ക്രൂശിച്ച സ്ഥലത്തു തന്നെ ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും വച്ചിട്ടില്ലാത്ത ഒരു കല്ലറ ഉണ്ടായിരുന്നു."

യേശുവിനെ ഒറ്റിക്കൊടുത്തതും ഒരു തോട്ടത്തിലായിരുന്നു. താൻ ക്രൂശിക്കപ്പെട്ടതും കബറടക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതും തോട്ടത്തിലായിരുന്നു. നിങ്ങൾക്കു രണ്ടു പേർക്കുമുള്ള രക്ഷ ആ തോട്ടത്തിൽ നിന്നാണു വന്നിരിക്കുന്നത്. ആ തോട്ടത്തിൽ യേശു ചെയ്ത പ്രവൃത്തിയുടെ ഫലം നിങ്ങൾക്കിന്നു സ്വന്തമാക്കാൻ കഴിയും.

യേശുവിന്റെ ഭൂമിയിലെ ജീവിതത്തിലേക്കു നാം നോക്കിയാൽ ആദാമ്യ വർഗ്ഗത്തിൽ കാണുന്ന നിഗളത്തിന്റെയും സ്വാർത്ഥതയുടെയും എതിരായുള്ള കാര്യങ്ങളാണ് നാം അതിൽ കാണുന്നത്. പിതാവ് തന്നെക്കുറിച്ചാഗ്രഹിക്കുന്നതെന്തും – അതു ക്രൂശിൽ തറയ്ക്കപ്പെട്ടുള്ള മരണമായാൽപ്പോലും– അനുസരിക്കുവാനുള്ള ഒരു താഴ്മ നാം ക്രിസ്തുവിൽ കണ്ടെത്തുന്നു. യാതൊരു തടസ്സവും പറയാതെ അവിടുന്ന് അതൊക്കെയും നിറവേറ്റുന്നതു തിരഞ്ഞെടുത്തു. മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ചു നിസ്വാർത്ഥമായി ചിന്തിക്കുകയും അവരെ സഹായിക്കുവാൻ ത്യാഗമനോഭാവം കാട്ടുകയും ചെയ്തു. നിങ്ങൾക്കു രണ്ടുപേർക്കും ഉണ്ടായിരിക്കണമെന്ന് അവിടുന്ന്

**നമ്മുടെ ജീവിതം എല്ലായ്പ്പോഴും ദൈവത്തെ മുൻനിർത്തി ആരംഭിക്കണം. അതുകൊണ്ടു തന്നെയാണ് ദൈവം ആദമിനെയും ഹവ്വയെയും രണ്ടു വ്യത്യസ്ത സമയത്തു സൃഷ്ടിച്ചത്. ഒരുമിച്ച് ഒരേ സമയത്തല്ല. ആദം കണ്ണു തുറന്ന് ആദ്യമായി കണ്ടത് ഹവ്വയെ അല്ല, ദൈവത്തെയാണ്. പിന്നീട് ഹവ്വയെ സൃഷ്ടിച്ചപ്പോഴും അവൾ ആദ്യമായി കണ്ണുതുറന്ന പ്പോൾ കണ്ടത് ആദമിനെയല്ല ദൈവത്തെയാണ്. നിങ്ങളുടെ ജീവിതത്തിലും എല്ലായ്പോഴും ഉണ്ടായിരിക്കേണ്ടത് അതു തന്നെ യാണ്. എങ്കിൽ നിങ്ങളുടെ തോട്ടം എപ്പോഴും നനവുള്ളതായിരിക്കും.**

ആഗ്രഹിക്കുന്നതും ഇതു തന്നെ.

**പ്രിയന്റെ തോട്ടം**

ഒട്ടേറെ ക്രിസ്ത്യാനികൾക്കും അറിഞ്ഞുകൂടാത്ത ഒരു തോട്ടത്തെക്കുറിച്ചാണ് ഞാൻ മൂന്നാമതായി പറയുവാൻ പോകുന്നത്. ഈ തോട്ടത്തെക്കുറിച്ച് ഉത്തമഗീതത്തിലാണ് പറഞ്ഞിട്ടുള്ളത്. (ഇതു മണവാളന്റെയും മണവാട്ടിയുടെയും ജീവിതം അല്ലെങ്കിൽ ഭാര്യാഭർത്തൃ ബന്ധത്തെക്കുറിച്ചാണ്).

ഉത്തമഗീതം 4:12ൽ മണവാളൻ പറയുന്നു: "എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടമാണ്." ഇവിടെ കാന്തൻ ക്രിസ്തുവാണ്. നാം അവനു വേണ്ടി മാത്രം കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടമാണ്. ഒന്നാമതായി നാം തിരിച്ചറിയേണ്ട ഒരു കാര്യം ഇതു തന്നെയാണ്. നിങ്ങളുടെ വിവാഹ ജീവിതത്തിൽ നിങ്ങൾ ഒരു തോട്ടം നട്ടുണ്ടാക്കണം. അതു നിങ്ങൾക്കു വേണ്ടിയല്ല, മറ്റുള്ളവർക്കു വേണ്ടിയുമല്ല. കർത്താവിനു വേണ്ടിയാണ്. നിങ്ങളുടെ വിവാഹം കർത്താവിനു വേണ്ടിയുള്ള ഒരു സ്വകാര്യ തോട്ടമാണ് എന്നത് എല്ലായ്പോഴും മനസ്സിൽ കരുതിക്കൊള്ളുക. അതിന്റെ പാർശ്വഫലം മറ്റുള്ളവരും അനുഗ്രഹിക്കപ്പെടുക എന്നുള്ളതാണ്.

യേശു പഠിപ്പിച്ചത് അതു തന്നെ. ഏറ്റവും വലിയ കല്പന ഏതെന്ന ചോദ്യത്തിന് യേശു നൽകിയ ഉത്തരം നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണം. അപ്പോൾ നിന്റെ അയൽക്കാരനെ നീ നിന്നെപ്പോലെ തന്നെ സ്നേഹിക്കും എന്നതാണ് (മത്താ. 22:37-40. പരാവർത്തനം).

നമ്മുടെ ജീവിതം എല്ലായ്പ്പോഴും ദൈവത്തെ മുൻനിർത്തി ആരംഭിക്കണം. അതുകൊണ്ടു തന്നെയാണ് ദൈവം ആദമിനെയും ഹവ്വയെയും രണ്ടു വ്യത്യസ്ത സമയത്തു സൃഷ്ടിച്ചത്. ഒരുമിച്ച് ഒരേ സമയത്തല്ല. ആദം കണ്ണുതുറന്ന് ആദ്യമായി കണ്ടത് ഹവ്വയെ അല്ല, ദൈവത്തെയാണ്. പിന്നീട് ഹവ്വയെ സൃഷ്ടിച്ചപ്പോഴും അവൾ ആദ്യമായി കണ്ണുതുറന്നപ്പോൾ കണ്ടത് ആദമിനെയല്ല ദൈവത്തെയാണ്. നിങ്ങളുടെ ജീവിതത്തിലും എല്ലായ്പോഴും ഉണ്ടായിരിക്കേണ്ടത് അതു തന്നെയാണ്. എങ്കിൽ നിങ്ങളുടെ തോട്ടം എപ്പോഴും നനവുള്ളതായിരിക്കും.

എല്ലാ തോട്ടങ്ങൾക്കും മഴ ആവ

ശ്യമുണ്ട്. പുതിയ ഉടമ്പടിയിൽ നമുക്ക് എല്ലായ്പ്പോഴും സ്വർഗ്ഗീയ മഴയാകുന്ന പരിശുദ്ധാത്മാവിനാൽ നിറയപ്പെടാനുള്ള സാദ്ധ്യതകളുണ്ട്. അതിനുവേണ്ടി ദൈവത്തോട് നിരന്തരം മുഴുഹൃദയത്തോടെ ചോദിക്കുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നാൽ നിയന്ത്രിക്കപ്പെടുക എന്നാണ്. ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും സ്വർഗ്ഗത്തിന്റെ ഈ മഴയ്ക്കായി നിങ്ങളുടെ ജീവിതത്തെ തുറന്നിടുക.

പാശ്ചാത്യ പൗരസ്ത്യ സംസ്ക്കാരങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടെന്ന് എനിക്കറിയാം. എന്നാൽ രണ്ടു സംസ്ക്കാരങ്ങളിലും നിഗളത്തിനു യാതൊരു വ്യത്യാസവുമില്ല. പൗരസ്ത്യ സംസ്ക്കാരത്തിൽ - പ്രത്യേകിച്ചും ഇന്ത്യൻ വിവാഹങ്ങളിൽ "ഇതാ വധു വരുന്നതു കാണ്മീൻ" എന്ന് ആരും പാടാറില്ല. അവിടെ "ഇതാ വരൻ വരുന്നതു കാണ്മീൻ" എന്നാണു പാടുന്നത്. ചില പ്രാദേശിക വിവാഹങ്ങളിൽ വരൻ വരുന്നതു കുതിരപ്പുറത്തേറിയാണ്. കാരണം ആ വിവാഹത്തിലെ പ്രധാന വ്യക്തി വരനാണ്. പൗരസ്ത്യ വിവാഹങ്ങളിൽ വരനാണു പ്രാധാന്യം. വധു കുതിരയുടെ പിന്നാലെ നടക്കുകയാണു പതിവ്. കാരണം അവളുടെ നിലവാരം താഴെയാണ്. ഇതാണ് പൗരസ്ത്യ കാഴ്ചപ്പാട്.

പാശ്ചാത്യ സംസ്ക്കാരം ഇതിനു വിപരീതമാണ്. അവിടെ വധു പ്രവേശിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റ് ആദരവു കാട്ടുന്നു. വരൻ പ്രവേശിക്കുമ്പോൾ ആരും എഴുന്നേൽക്കാറില്ല. ഇവിടെ പ്രാധാന്യം വധുവിനാണ്– "ഇതാ വധുവിനെ കാണുക!"

> എല്ലാ തോട്ടങ്ങൾക്കും മഴ ആവശ്യമുണ്ട്. പുതിയ ഉടമ്പടിയിൽ നമുക്ക് എല്ലായ്പ്പോഴും സ്വർഗ്ഗീയ മഴയാകുന്ന പരിശുദ്ധാത്മാവിനാൽ നിറയപ്പെടാനുള്ള സാദ്ധ്യതകളുണ്ട്. അതിനുവേണ്ടി ദൈവത്തോട് നിരന്തരം മുഴുഹൃദയത്തോടെ ചോദിക്കുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നാൽ നിയന്ത്രിക്കപ്പെടുക എന്നാണ്. ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും സ്വർഗ്ഗത്തിന്റെ ഈ മഴയ്ക്കായി നിങ്ങളുടെ ജീവിതത്തെ തുറന്നിടുക.

എന്നാൽ ക്രൈസ്തവ വിവാഹങ്ങളിൽ എല്ലായ്പോഴും "ഇതാ കർത്താവ്" എന്നാണ് രീതി. പാശ്ചാത്യ പൗരസ്ത്യ വിവാഹങ്ങൾ, സംസ്ക്കാരങ്ങൾ, പാപത്താൽ വഷളാക്കപ്പെട്ടതാണ്. ഒന്നിൽ പുരുഷനു പ്രാമുഖ്യം. മറ്റേതിൽ സ്ത്രീക്കും. എന്നാൽ ദൈവത്തിനു നിങ്ങൾ ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകുമ്പോൾ നിങ്ങളുടെ മനോഭാവം "ഇതാ കർത്താവ്" എന്നാകും.

പൗരസ്ത്യ സംസ്ക്കാരത്തിൽ പുരുഷൻ അഭിമാനം കൊള്ളുന്നത് ഇങ്ങനെ പറഞ്ഞുകൊണ്ടാണ്: "ഞാൻ അവൾക്കു വേണ്ടി പോയി ചോദിച്ചിട്ടില്ല." അതിലെ നിഗളം ശ്രദ്ധിച്ചോ? അതുപോലെ പാശ്ചാത്യ സംസ്ക്കാരത്തിൽ സ്ത്രീ ഇങ്ങനെ

പറയുന്നു: “ഞാൻ അവനോടു പോയി ചോദിച്ചിട്ടില്ല. അവനാണ് എന്റെ അടുക്കൽ വന്ന് എന്നെ അനുനയിപ്പിച്ചു വിവാഹാഭ്യാർത്ഥന നടത്തിയത്.” അവിടെയും നമുക്കു നിഗളത്തെ ദർശിക്കാം.

ക്രിസ്തീയ സംസ്ക്കാരത്തിൽ നമുക്ക് ഇങ്ങനെ പറയാം: “കർത്താവ് ഞങ്ങളെ ഒന്നിപ്പിച്ചു. ഞങ്ങൾ അവിടുത്തെ സ്നേഹിക്കുന്നു. ഞങ്ങൾ അവിടുത്തെ ദൃഷ്ടിയിൽ ഒരുപോലെയാണ്.”

ഞാൻ നിങ്ങളെ രണ്ടുപേരെയും നിങ്ങളുടെ സംസ്ക്കാരങ്ങൾക്കതീതരായി നിന്നുകൊണ്ടു രണ്ടു സംസ്ക്കാരങ്ങളുടെയും അഹന്തയ്ക്കപ്പുറത്തു ക്രിസ്ത്യാനികളായി ജീവിക്കുവാൻ ഉത്സാഹിപ്പിക്കുന്നു. “ഇതാ കർത്താവു വരുന്നു” എന്നതായിരിക്കട്ടെ ഓരോ പ്രഭാതത്തിലും നിങ്ങളുടെ പാട്ട്. നിങ്ങൾ ഇരുവരും അവിടുത്തെ എളിയ ദാസരായിരിക്കട്ടെ. അപ്പോൾ നിങ്ങളുടെ ദാമ്പത്യം ‘നനവുള്ള ഒരു തോട്ട’മായിരിക്കും.

അഹന്തയ്ക്കൊപ്പം സ്വാർത്ഥതയും എല്ലാ സംസ്ക്കാരങ്ങളുടെയും മുഖമുദ്രയാണ്. പുരുഷൻ വിവാഹത്തിനായി സ്ത്രീയെ അന്വേഷിക്കുമ്പോൾ സൗന്ദര്യത്തിനാണ് പ്രഥമസ്ഥാനം നൽകുന്നത്. സ്വാർത്ഥതയോടെ സുന്ദരികളെ തേടുന്നു. അതുപോലെ തന്നെ ഒരു പെൺകുട്ടി വരനെ തേടുമ്പോൾ ഒന്നാം സ്ഥാനം നൽകുന്നത് പണത്തിനാണ്. സ്വാർത്ഥതയോടെ ധനികനെ അന്വേഷിക്കുന്നു. ഇതു ലോകത്തിൽ എല്ലാ സംസ്ക്കാരങ്ങളിലും ഒരുപോലെ സത്യമാണ്.

എന്നാൽ ക്രൈസ്തവ സംസ്ക്കാരത്തിൽ നിങ്ങൾ പങ്കാളിയെ അന്വേഷിക്കുമ്പോൾ ഒരു വ്യക്തിയെ തെരഞ്ഞെടുക്കുന്നത് ആ വ്യക്തി കർത്താവിനെ സ്നേഹിക്കുന്നതുകൊണ്ടാണ്. അവിടുത്തെ ആദരിക്കുന്നതുകൊണ്ടാണ്. അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: മാനുഷികമായ എല്ലാ സ്വാർത്ഥ താത്പര്യങ്ങൾക്കും മീതെ ഉയരുക.

നിങ്ങൾ രണ്ടുപേരും തികച്ചും വ്യത്യസ്തമായ രണ്ടു സംസ്ക്കാരങ്ങളിൽ ജനിച്ചു വളർത്തപ്പെട്ടവരാണ്. ഒരു സംസ്ക്കാരവും മറ്റൊന്നിനെക്കാൾ മെച്ചമല്ല. പൗരസ്ത്യർ തങ്ങൾ പാശ്ചാത്യരെക്കാൾ മെച്ചപ്പെട്ടവരാണെന്നു ചിന്തിക്കുന്നു. പാശ്ചാത്യർ തങ്ങൾ പൗരസ്ത്യരെക്കാൾ മെച്ചപ്പെട്ടവരെന്നു ചിന്തിക്കുന്നു. എന്നാൽ ഇരുകൂട്ടർക്കും ഒരുപോലെ തെറ്റുപറ്റിയിരിക്കുന്നു. ക്രൈസ്തവ സംസ്ക്കാരമാണ് എല്ലാറ്റിനെക്കാളും ഉന്നതമായിരിക്കുന്നത്. നിങ്ങൾ അതു സ്വീകരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ഒരു നല്ലതോട്ടം എങ്ങനെ വച്ചു പിടിപ്പിക്കാമെന്നു കാണ്ടെത്തുവാൻ ഞാൻ ഗൂഗിളിൽ അന്വേഷിച്ചു. അവിടെ അഞ്ചു നിയമങ്ങൾ ഞാൻ കണ്ടെത്തി.

1) രോഗത്തെ ചെറുത്തു നില്ക്കാൻ ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുക. രോഗ നിയന്ത്രണത്തിന് ഏറ്റവും നല്ല പ്രതിവിധി രോഗപ്രതിരോധമാണ്. നാം വിത്തുകൾ വിതെക്കുന്നതു നമ്മുടെ നാവുകൊണ്ടാണ്. നമ്മുടെ സംസാരത്തിലൂടെ നാം രോഗം പരത്തുന്നില്ല എന്ന കാര്യം ഉറപ്പാക്കുക. രോഗപ്രതിരോധശേഷിയുള്ള വാക്കുകൾ ഉപയോഗിക്കുക. ചില രോഗങ്ങൾക്കു രാസപ്രയോഗം നടത്തിയേ തീരൂ. നിങ്ങളുടെ നാവിനോടു കർക്കശമായിത്തന്നെ ഇടപെടുക. അങ്ങനെയെങ്കിൽ നിങ്ങ

**എല്ലാ വിവാഹ ജീവിതങ്ങളിലും തണുത്ത വടക്കൻ കാറ്റും (പ്രതികൂലങ്ങൾ) ചൂടുള്ള തെക്കൻ കാറ്റും (സമൃദ്ധിയും സന്തോഷവും) മാറിമാറി വരും. എന്നാൽ യേശു നമ്മുടെ തലയായിരിക്കുമ്പോൾ, നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ നാം അവിടുത്തെ അനുവദിക്കുമ്പോൾ സന്തോഷമോ സന്താപമോ ഞെരുക്കമോ സുഖമോ ഈ കാറ്റുകൾ എന്തു തന്നെ കൊണ്ടുവന്നാലും നമ്മിലൂടെ ക്രിസ്തുവിന്റെ സൗരഭ്യം എല്ലായിടങ്ങളിലേക്കും വീശുവാൻ ഇടയാകും.**

ളുടെ ജീവിതത്തിൽ നിന്നും കളകളെ അകറ്റി നിർത്തുവാൻ നിങ്ങൾക്കു കഴിയും. നിങ്ങളുടെ ദാമ്പത്യ ജീവിതത്തിൽ കള വളരുവാൻ നിങ്ങൾ അനുവദിക്കുകയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

2) വളപ്രയോഗം കൊണ്ടു മണ്ണിന്റെ വീര്യം കൂട്ടുക. സന്തുഷ്ടമായ ഒരു കുടുംബ ജീവിതത്തിന് പരസ്പരം പ്രോത്സാഹനവും അഭിനന്ദനവും ആവശ്യമാണ്. ഒരു നല്ല വിള ലഭിക്കുവാൻ തക്കവണ്ണം വളം ചേർക്കുക.

3) നിയന്ത്രിക്കാൻ കഴിയാത്തതും വിനാശകാരികളുമായ രോഗങ്ങളുള്ള ചെടികളെ നശിപ്പിക്കുക. ഇതിനർത്ഥം അമിതമായ, ആസക്തിയുണ്ടാക്കുന്ന ശീലങ്ങളെ ഉപേക്ഷിക്കുക എന്നാണ്. ടി.വി. സെറ്റിന്റെ മുമ്പിൽ വെറുതെ സമയം കളയാതിരിക്കുക. അതിന്മേൽ നമുക്കു നിയന്ത്രണം വേണം. ആസക്തിയുണ്ടാക്കുന്ന എല്ലാ കാര്യങ്ങളോടും ഇപ്രകാരം അകലം പാലിക്കണം. നിങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ കാര്യങ്ങളും ആകാം. എന്നാൽ അവയ്ക്കുമേൽ നിയന്ത്രണം ആവശ്യമാണ്.

4) രോഗബാധിതമായ ഇലകളെ കാണുമ്പോൾ മുറിച്ചു നീക്കുക. ഇതിനർത്ഥം നിങ്ങൾ പങ്കാളിയെ മുറിപ്പെടുത്തി എന്നു മനസ്സിലാക്കുമ്പോൾ - അതൊരു രോഗബാധിതമായ ഇലയാണ്- അതിനെ വേഗത്തിൽ മുറിച്ചു മാറ്റുക. വേഗം തന്നെ ക്ഷമ ചോദിക്കുക. അങ്ങനെ ആ ഇല നീങ്ങിപ്പോകും. അല്ലെങ്കിൽ അതു ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. മറ്റൊരു കാര്യം കൂടി: ആ മുറിച്ചു മാറ്റിയ ഇലയെ ദൂരെ എവിടെയെങ്കിലും കളയുക- പഴയ സംഭവങ്ങൾ വീണ്ടും ഓർമ്മിക്കാതിരിക്കുക.

5) നിങ്ങൾക്കു ശ്രദ്ധിക്കാൻ കഴിയുന്നതിനപ്പുറം ചെടികൾ നട്ടു വളർത്താതിരിക്കുക. ചെടികൾ കൂടിനില്ക്കാൻ ഇടയാകരുത്. ആവശ്യത്തിനു വെയിലും കാറ്റും ഓരോ ചെടിക്കും ലഭിക്കാൻ ഇടയാകാതെ വരും. 24 മണിക്കൂറിനുള്ളിൽ ഒട്ടേറെ കാര്യങ്ങൾ ഓടി നടന്നു ചെയ്യാതിരിക്കുക. അങ്ങനെ ചെയ്താൽ ഒരു പക്ഷേ കുടുംബത്തിൽ സമയം ചെലവഴിക്കാൻ അവസരം കിട്ടാതെ വന്നേക്കാം. കുടുംബത്തിനു തന്നെയാകട്ടെ മുൻഗണന. തിരക്കുകളും അമിതാദ്ധ്വാനവും, വെയിലും (ദൈവത്തിന്റെ വെളിച്ചം) കാറ്റും (പരസ്പര കൂട്ടായ്മ) ജീവിതത്തിലേക്കു വരുന്നതിനു തടസ്സമാണ്.

നിങ്ങളുടെ പ്രതികൂലങ്ങളിന്മേലുള്ള വിജയം കർത്താവിനു മാത്രം കാണാനുള്ളതാണ്, അന്യർക്കല്ല. മറ്റുള്ളവർ കാണാത്ത കാര്യങ്ങൾ രഹസ്യത്തിൽ കർത്താവ് ഓരോ സമയത്തും കാണുന്നു. അവിടുന്നു തന്റെ തോട്ടത്തിലേക്കു വരുമ്പോൾ തന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന എന്തെങ്കിലുമൊക്കെ ഓരോ സമയത്തും അവിടെ ഉണ്ടായിരിക്കട്ടെ.

ലോകമാസകലമുള്ള തോട്ടങ്ങൾക്കു വേണ്ടി ദൈവം ഉണ്ടാക്കിയ പ്രമാണങ്ങളാണിവ. അതുകൊണ്ടു നിങ്ങളുടെ കുടുംബത്തിനു തന്നെയാവട്ടെ ജീവിതത്തിൽ മുൻഗണന.

ഞാൻ ഉത്തമഗീതം 4:16ൽ നിന്നും ഉദ്ധരിക്കട്ടെ: "വടക്കൻ കാറ്റേ ഉണരുക. തെക്കൻ കാറ്റേ വരിക. (വടക്കൻ കാറ്റു തണുത്തതും തെക്കൻ കാറ്റ് ചൂടുള്ളതുമാണ്). എന്റെ തോട്ടത്തിൽ നിന്നും സുഗന്ധം വീശേണ്ടതിന് അതിന്മേൽ ഊതുക. എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്ന് അതിലെ വിശിഷ്ട ഫലം ഭുജിക്കട്ടെ."

എല്ലാ വിവാഹ ജീവിതങ്ങളിലും തണുത്ത വടക്കൻ കാറ്റും (പ്രതികൂലങ്ങൾ) ചൂടുള്ള തെക്കൻ കാറ്റും (സമൃദ്ധിയും സന്തോഷവും) മാറി മാറി വരും. എന്നാൽ യേശു നമ്മുടെ തലയായിരിക്കുമ്പോൾ, നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ നാം അവിടുത്തെ അനുവദിക്കുമ്പോൾ സന്തോഷമോ സന്താപമോ ഞെരുക്കമോ സുഖമോ ഈ കാറ്റുകൾ എന്തു തന്നെ കൊണ്ടുവന്നാലും നമ്മിലൂടെ ക്രിസ്തുവിന്റെ സൗരഭ്യം എല്ലായിടങ്ങളിലേക്കും വീശുവാൻ ഇടയാകും.

ലോകത്തിന് അതു കഴിയില്ല. ലോകത്തിലെ മനുഷ്യർ എല്ലാറ്റിലും പരാതി പറയുന്നവരാണ്. അവർ പ്രതികൂലങ്ങളിൽ ദൈവത്തിനെതിരെ പരാതി പറയുന്നു. ലോകത്തിലെ മനുഷ്യർക്കും തെക്കൻകാറ്റു കൊണ്ടുവരുന്ന സമൃദ്ധി കൈകാര്യം ചെയ്യുവാൻ കഴിവുണ്ട്. എന്നാൽ വടക്കൻ കാറ്റു കൊണ്ടുവരുന്ന പ്രതികൂലങ്ങളെ കൈകാര്യം ചെയ്യുവാൻ അവർക്കു കഴിയുന്നില്ല.

ക്രിസ്തുവിന്റെ മണവാട്ടി ഏതു പ്രതികൂലത്തെയും സമൃദ്ധിയെയും വിജയകരമായി കൈകാര്യം ചെയ്യുന്നവളാണ്. അതു നിങ്ങൾക്കും വിവാഹിതരായ നമുക്കോരുരുത്തർക്കും അങ്ങനെ തന്നെയാണ്.

അവസാനമായി ഇവിടെ പറയുന്നു: "എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്ന് അതിലെ വിശിഷ്ട ഫലം ഭുജിക്കട്ടെ." നിങ്ങളുടെ പ്രതികൂലങ്ങളിന്മേലുള്ള വിജയം കർത്താവിനു മാത്രം കാണാനുള്ളതാണ്, അന്യർക്കല്ല. മറ്റുള്ളവർ കാണാത്ത കാര്യങ്ങൾ രഹസ്യത്തിൽ കർത്താവ് ഓരോ സമയത്തും കാണുന്നു. അവിടുന്നു തന്റെ തോട്ടത്തിലേക്കു വരുമ്പോൾ തന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന എന്തെങ്കിലുമൊക്കെ ഓരോ സമയത്തും അവിടെ ഉണ്ടായിരിക്കട്ടെ.

ദൈവം നിങ്ങളെ ഇരുവരെയും അനുഗ്രഹിക്കട്ടെ. ആമേൻ *(തുടരും)*

വചനദീപം

## വിശുദ്ധ ജീവിതം - 7

(കഴിഞ്ഞ ലക്കം തുടർച്ച...)



# ക്രിസ്തുവിന്റെ ഹൃദയം

സാമുവൽ ലോഗൻ ബ്രെങ്കിൾ

"**കർത്താവേ!** നിമിഷന്തോറും നിന്റെ മനസ്സു തന്നെ എനിക്കു തരേണമേ" എന്നുള്ള ഒരു പാട്ട് ഞങ്ങൾ എല്ലാവരും ചേർന്നു വളരെ ശക്തിയോടെ പാടി. അതിന്റെ അർത്ഥം ശരിയായി മനസ്സിലാക്കാതെയാണ് ഞങ്ങൾ പാടിയത്. പാട്ടു പാടിക്കഴിഞ്ഞപ്പോൾ ഒരാൾ എന്റെ നേരെ തിരിഞ്ഞു യേശുക്രിസ്തുവിന്റെ മനസ്സുപോലെ ഒരു മനസ്സ് യഥാർത്ഥമായി നമുക്കു ലഭിപ്പാൻ കഴിയുമോ എന്നു ചോദിച്ചു. അതു സാദ്ധ്യമാണെന്നും അതു സാധിച്ചു തരുവാൻ കർത്താവ് ആഗ്രഹിക്കുന്നുവെന്നും ഞാൻ അവനോടു പറഞ്ഞു. താഴ്മയുള്ളതും തകർന്നതും, വിശ്വസിക്കുന്നതും വിശുദ്ധമായതുമായ മനസ്സത്രേ ക്രിസ്തുവിന്റേത്. അതുപോലെ സ്നേഹം നിറഞ്ഞതും നിർമ്മലവുമായ നിന്റെ മനസ്സിന് അനുരൂപമായ ഒരു മനസ്സ് ഞങ്ങൾക്കു തരണമേ എന്നു തുടർന്നു പാട്ടുകാരൻ എഴുതിയിട്ടുണ്ട്. യേശുക്രിസ്തുവത്രെ അനേക സഹോദരന്മാരിൽ ആദ്യജാതൻ (റോമ. 8:29). അവൻ നമ്മുടെ മൂത്ത സഹോദരനും നാം അവനോട് അനുരൂപരായിത്തീരേണ്ടവരുമാണ്. "അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു" (1 യോഹ. 4:17). "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു" (1 യോഹ. 2:6). എന്നാൽ യേശുക്രിസ്തുവിന്റെ മനസ്സ് നമുക്കില്ലെങ്കിൽ അവൻ ജീവിച്ചതുപോലെ ജീവിക്കുകയോ നടന്നതുപോലെ നടക്കയോ ചെയ്യുവാൻ നമുക്കു സാദ്ധ്യമല്ല. അവനെപ്പോലെ നമ്മെ ആക്കിത്തീർക്കാനാണു കർത്താവ് ആഗ്രഹിക്കുന്നത്. ഒരു വൃക്ഷത്തെ അതിന്റെ ഫലംകൊണ്ടു തിരിച്ചറിയുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നത്രെ അവന്റെ ഹൃദയം എങ്ങനെയുള്ളതെന്നു നാം മനസ്സിലാക്കുന്നത്. സ്നേഹമുള്ള ഒരു ഹൃദയം അവനുണ്ടായിരുന്നുവെന്നു താൻ മറ്റുള്ളവരെ സ്നേഹിച്ചതിൽ നിന്നു നാം മനസ്സിലാക്കുന്നു. അവന്റെ സ്നേഹത്തിൽ പകയോ, സ്വാർത്ഥതയോ, അസൂയയോ കലർന്നിരുന്നില്ല. അവൻ തന്റെ ശത്രുക്കളെ സ്നേഹിക്കയും തന്നെ ക്രൂശിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തന്റെ സ്നേഹം മാറ്റമില്ലാത്തതും നിത്യമായതും ആയിരുന്നു. "നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു" (യിരെമ്യാ. 31:3). ഇതുപോലെയുള്ള സ്നേഹം അത്രെ നമ്മിൽ ഉണ്ടാകുവാൻ താൻ ആഗ്രഹിക്കുന്നത്. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു" (യോഹ. 13:34). യേശുക്രിസ്തു എന്നെ

**ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടു തിരിച്ചറിയുന്നു. യേശു ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നത്രെ അവന്റെ ഹൃദയം എങ്ങനെയുള്ളതെന്നു നാം മനസ്സിലാക്കുന്നത്. സ്നേഹമുള്ള ഒരു ഹൃദയം അവനുണ്ടായിരുന്നുവെന്നു താൻ മറ്റുള്ളവരെ സ്നേഹിച്ചതിൽ നിന്നു നാം മനസ്സിലാക്കുന്നു. അവന്റെ സ്നേഹത്തിൽ പകയോ, സ്വാർത്ഥതയോ, അസൂയയോ കലർന്നിരുന്നില്ല.**

സ്നേഹിച്ചതുപോലെ ഞാൻ എന്റെ സഹോദരനെ സ്നേഹിക്കണമെങ്കിൽ ക്രിസ്തുവിലുണ്ടായിരുന്ന മനസ്സു തന്നെ എനിക്കും ഉണ്ടാകേണ്ടതാണ്. സകല ക്രിസ്തീയ സ്വഭാവങ്ങളും സ്നേഹത്തിൽ അന്തർഭവിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ സ്നേഹത്തിൽ ഇതു നാം തെളിഞ്ഞു കാണുന്നുണ്ട്. വിനയമുള്ളതായ ഒരു ഹൃദയം കർത്താവിനുണ്ടായിരുന്നു. "ഞാൻ താഴ്മയും മനോവിനയമുള്ളവനാകയാൽ" എന്നു തന്നെക്കുറിച്ചു തന്നെ കർത്താവു പറഞ്ഞിട്ടുണ്ട്. പൗലൊസ് ക്രിസ്തുവിനെപ്പറ്റി "അവൻ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി" എന്ന് എഴുതിയിരിക്കുന്നു. അവൻ മഹത്വത്തിന്റെ രാജാവായിരിക്കെ മനുഷ്യവേഷമെടുത്തു കന്യകയിൽ ജാതനായി മുപ്പതു വർഷക്കാലം ഒരു സാധു കുടുംബത്തിൽ ആരാലും അറിയപ്പെടാത്തവനായി ജീവിച്ചു. തന്റെ പരസ്യശുശ്രൂഷക്കാലത്തും ധനവാന്മാരുടെയും ജ്ഞാനികളുടെയും സഖിത്വം അന്വേഷിക്കാതെ എളിയവരോടും സാധുക്കളോടും കൂടെ ജീവിച്ചു. താണവരോടു ചേർന്നിരിക്കുന്നത് അവന് പ്രിയമായിരുന്നു. അവൻ ഒരിക്കലും തന്നെത്താൻ ഉയർത്തിയില്ല. മറ്റുള്ളവർ തന്നെ ഉയർത്തുവാൻ ഭാവിച്ചപ്പോഴും അവൻ അവരുടെയിടയിൽ നിന്നു മാറിപ്പോയി തനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവൻ മടങ്ങി വന്നു ജനത്തോട് അറിയിച്ച സന്ദേശത്തിങ്കൽ ശിഷ്യന്മാർ പോലും ഇടറി പലരും പിന്മാറിപ്പോയി. അവന്റെ ക്രൂശാരോഹണത്തിനു മുമ്പു തന്റെ ശിഷ്യന്മാരുടെ പാദങ്ങളെ കഴുകിയ സന്ദർഭത്തിൽ അവരും അതേ ഭാവമുള്ളവരായി താഴ്മ ധരിച്ചുകൊള്ളണമെന്ന് അവരോട് ഉപദേശിച്ചു.


എന്റെ അഭ്യസനകാലത്ത് ഈ സത്യം എന്നെ വളരെ സഹായിച്ചു. ഞാൻ പരിശീലനത്തിനായി ചെന്നു ചേർന്നതിന്റെ പിറ്റേദിവസം അവിടെയുണ്ടായിരുന്നവരുടെ ചെരിപ്പു തുടച്ചു വൃത്തിയാക്കുന്ന വേലയാണ് എനിക്കു തന്നത്. ഈ സന്ദർഭത്തിൽ പിശാച് എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു. "നീ ചില വർഷങ്ങൾക്കു മുമ്പു സർവ്വകലാശാലയിൽ നിന്നു ബിരുദം നേടിയ ആളല്ലയോ? അതിനു ശേഷം വൈദിക അഭ്യസനത്തിനായി രണ്ടു വർഷം ചെലവാക്കിയല്ലോ. അതിനെ തുടർന്ന് ഒരു വലിയ ഇടവകയുടെ പട്ടക്കാരനായിരിക്കയും അനേകർ രക്ഷിക്കപ്പെടു

ന്നത് കാണുകയും ചെയ്തില്ലയോ? എന്നാൽ ഇപ്പോൾ ഈ നീചമായ വേല ചെയ്യുന്നതിന് ആണോ നീ ഇവിടെ വന്നുചേർന്നിരിക്കുന്നത്?" എന്നാൽ യേശുക്രിസ്തു ശിഷ്യന്മാരുടെ കാലുകളെ കഴുകിയ സംഭവത്തെക്കുറിച്ചു ഞാൻ ശത്രുവിനോടു പറഞ്ഞു. ആ നമിഷത്തിൽ തന്നെ അവൻ എന്നെ വിട്ടുപോയി. "ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ'' എന്നത്രെ കർത്താവ് പറഞ്ഞിട്ടുള്ളത് (യോഹ. 13:17). ഞാൻ ചെരിപ്പു തുടച്ചുകൊണ്ടിരുന്ന ആ ചെറിയ മുറി ദൈവം എന്നെ പ്രത്യേകം സന്ദർശിച്ച സ്ഥലമായി രൂപാന്തരപ്പെട്ടു. ''ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു'' (യാക്കോ. 4:6). യേശുക്രിസ്തുവിന്റെ ഹൃദയം നിഗളിക്കാത്തതും സ്വർത്ഥം അന്വേഷിക്കാത്തതും അത്രെ. ആകയാൽ "താഴ്മ ധരിച്ചുകൊൾവിൻ" (1 പത്രൊ. 5:5).

സൗമ്യതയും താഴ്മയുമുള്ള മനസ്സ് യേശുക്രിസ്തുവിൽ ഉണ്ടായിരുന്നു. ഇതിനെക്കുറിച്ച് പൗലൊസ് നമ്മെ ഓർമ്മിപ്പിച്ചിട്ടുണ്ട് (3 കൊരി. 10:1). "തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണി പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്'' (1 പത്രൊ. 2:23). ''തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പെലെയും അവൻ വായ് തുറക്കാതെയിരുന്നു" (യെശ. 53:7). തന്നെക്കുറിച്ചു കള്ള സാക്ഷ്യം പറഞ്ഞപ്പോൾ അതിനു മറുപടിയായി ഒരു ഉത്തരവും പറഞ്ഞില്ല. തന്നോട് ചെയ്ത സകല ദ്രോഹങ്ങളെയും അവൻ മൗനമായി സഹിച്ചു. "ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്" (മത്താ. 12:34). തന്റെ ഹൃദയം സൗമ്യതകൊണ്ട് നിറഞ്ഞിരുന്നതിനാലത്രെ തന്റെ ശത്രുക്കളോട് ഒരു വാക്കും താൻ പറയാതെയിരുന്നത്. "ദുഷ്ടനോട് എതിർക്കരുത്; നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്ക... ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബ്ബന്ധിച്ചാൽ രണ്ടു അവനോടു കൂടെ പോക'' (മത്താ. 5:39-41) എന്നു കർത്താവു കല്പിച്ചപ്പോൾ ഇതുപോലുള്ള ഒരു ഹൃദയം നമുക്കുണ്ടാകണമെന്നത്രെ താൻ ആഗ്രഹിക്കുന്നത്.

നീഗ്രോ വർഗ്ഗക്കാരനായ ഒരു സഹോദരനെ ഒരു ബസ്സിൽ നിന്നു കണ്ടക്ടർ നടുവഴിയിൽ ഇറക്കി വിട്ടു. അവന് ആ ബസ്സിൽ യാത്ര ചെയ്യുവാൻ അവകാശം ഉണ്ടായിരുന്നുവെങ്കിലും അവനോട് അപ്രകാരമത്രെ കണ്ടക്ടർ ചെയ്തത്. മുൻകാലങ്ങളിൽ അവൻ വലിയ കലഹക്കാരനായിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ അവൻ ഒരു വാക്കും മറുപടി പറഞ്ഞില്ല. എന്തുകൊണ്ടാണ് നീ ഒന്നും മിണ്ടാതെയിരുന്നത് എന്ന് ഒരാൾ അവനോടു ചോദിച്ചതിന് "പ്രതികാര ചിന്ത ദൈവം എന്റെ ഹൃദയത്തിൽ നിന്ന് എടുത്തു കളഞ്ഞതിനാൽ എനിക്കു പകരം വീട്ടുവാൻ കഴിവില്ല" എന്ന് അവൻ മറുപടി പറഞ്ഞു. "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ" (മത്താ. 5:5).

(*തുടരും*)



ബൈബിളിലൂടെ...

# ഫിലിപ്പിയർ

## മനോഭാവങ്ങളെ വിധിക്കുന്ന ദൈവം

**പൗലൊസിന്റെ** തടവ് നന്മയ്ക്കായി തീർന്ന മറ്റൊരു വഴി ഇതാ: "എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്ന് അകമ്പടി പട്ടാളത്തിൽ ഒക്കെയും മറ്റെല്ലാവർക്കും തെളിവായി വരികയും" (1:13) എന്ന് എഴുതിയിരിക്കുന്നു. തുടർന്നു "വിശുദ്ധന്മാർ എല്ലാവരും കൈസരുടെ കൊട്ടാരത്തിൽ ജോലി ചെയ്യുന്നവരും നിങ്ങളെ വന്ദനം ചെയ്യുന്നു" (ലിവിംഗ് ബൈബിൾ) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൈസരുടെ കൊട്ടാരത്തിൽ ഉദ്യോഗം വഹിക്കുന്നവർ എങ്ങനെയാണ് ക്രിസ്ത്യാനിക



*പരിചാരകൻ ഭക്ഷണമേശയിൽ സമയത്തിനു മുമ്പെ തന്നെ നിലകൊള്ളേണ്ടതുണ്ട്.*
*സഭയിൽ ഇപ്രകാരം ഒരു പരിചാരകൻ ആയിരിക്കാനാണു നമ്മുടെ വിളി.*

ളായത്? തന്നെ ബന്ധിച്ചു തനിക്കു കാവൽ നിന്ന ഭടന്മാരോടു പൗലൊസ് അറിയിച്ച സുവിശേഷത്തിലൂടെയായിരിക്കാം അതു സംഭവിച്ചത്. അക്കാലത്തു തടവു പുള്ളികൾ ഓടിപ്പോകാതിരിക്കേണ്ടതിന് കാവൽക്കാരോടു ചേർത്തു ചങ്ങലയാൽ ബന്ധിക്കുന്ന പതിവുണ്ടായിരുന്നു. തന്നോടു ചേർത്തു ബന്ധിച്ചിരുന്ന കാവൽ ഭടനോട് അയാളുടെ 8 മണിക്കൂർ ഡ്യൂട്ടി സമയം മുഴുവൻ സുവിശേഷം അറിയിച്ചിരിക്കാം. പട്ടാളക്കാരനു മാറിപ്പോകാൻ കഴിയുമായിരുന്നില്ല. പൗലൊസ് സുവിശേഷം അറിയിച്ചിരുന്നു. അവൻ നിന്നു കേട്ടു. 8 മണിക്കൂർ ഷിഫ്റ്റു കഴിയുമ്പോൾ അടുത്ത ഡ്യൂട്ടിക്കാരൻ വന്നു. അയാളോടു പൗലോസ് സംസാരിച്ചുകൊണ്ടിരുന്നു. കേട്ടവരെ സുവിശേഷം സ്വാധീനിക്കുകയും മനം തിരിയുകയും ചെയ്യുവാൻ ഇടയായി. അങ്ങനെ പട്ടാളക്കാരിൽ വളരെപ്പേർ സുവിശേഷം കേൾക്കുവാനിടയായി. അതിന്റെ ഫലമായി കൊട്ടാരത്തിൽ ഒരു സഭയുമുണ്ടായി.

പൗലൊസിന്റെ കാരാഗൃഹവാസം ഒരിക്കലും ഒരു സഭാ യോഗത്തിൽ സംബന്ധിക്കുകയോ വചനം കേൾക്കുകയും ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ഒട്ടേറെ പേരുടെ മാനസാന്തരത്തിനു കാരണമായിത്തീർന്നുവെന്നു തിരുവചനത്തിൽ നിന്നും നാം ഗ്രഹിക്കുന്നു. എന്നു മാത്രമല്ല പല വിശ്വാസികളും ധൈര്യത്തോടെ സുവിശേഷം പ്രസംഗിക്കുവാനും ആരംഭിച്ചു (1:14). പേടിച്ചിരുന്ന പലരും ധൈര്യമുള്ളവരായി സംസാരിച്ചു തുടങ്ങി.

എന്നാൽ ഇന്നുള്ളതുപോലെ ചിലർ പൗലൊസിനോടുള്ള അസൂയയിൽ നിന്നായിരുന്നു പ്രസംഗിച്ചത്. അവർ പൗലൊസിനോടു മത്സരവും പിണക്കവുമുള്ളവരായിരുന്നു. അവർ പ്രസംഗിച്ചതു തങ്ങളുടെ സ്വന്തം കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായിരുന്നു. അവർ മുമ്പേ തന്നെ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുവാൻ ഉത്സുകരായിരുന്നു. എന്നാൽ പൗലൊസ് ഉണ്ടായിരുന്ന കാലത്തൊന്നും അവസരം ലഭിച്ചില്ല. ഇപ്പോൾ പൗലൊസ് തടവിലായപ്പോൾ അവർക്ക് അവസരം ലഭിച്ചു. അവർക്ക് അഭിഷേകം ഉണ്ടായിരുന്നില്ല. പ്രസംഗിക്കുവാനുള്ള വാഞ്ഛ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇതേക്കുറിച്ചു കേട്ടപ്പോൾ പൗലൊസിന്റെ പ്രതികരണമെന്തായിരുന്നു? ഏതു വിധമായിരുന്നാലും ക്രിസ്തുവിനെ പ്രസംഗിക്കുന്നു എന്നതിൽ അദ്ദേഹം സന്തോഷിച്ചു. അവരുടെ ഉദ്ദേശ്യങ്ങളെ ദൈവം വിധിക്കട്ടെ എന്നു വിചാരിച്ചു (1:17,18).

ഇന്നു ധനസമ്പാദനത്തിനായി വളരെപ്പേർ സുവിശേഷം പ്രസംഗിക്കുന്നതു നമുക്കു കാണുവാൻ കഴിയും. ചില ആത്മാക്കൾ രക്ഷിക്കപ്പെടേണ്ടിതിനും ചിലർ രോഗസൗഖ്യം പ്രാപിക്കേണ്ടതിനും ദൈവം അവരെ ഉപയോഗിച്ചേക്കാം. എന്നാൽ അന്ത്യവിധിയിൽ ക്രിസ്തുവിനെ ധനസമ്പാദനത്തിന് ഉപയോഗിച്ചതിനാൽ ദൈവം അവരെ നരകാഗ്നിയിലേക്ക് അയച്ചെന്നുവരും (മത്താ. 7:22,23). ഇന്റർനെറ്റിലുള്ള എന്റെ പ്രസംഗങ്ങൾ കേൾക്കുകയും എന്റെ പുസ്തകങ്ങൾ വായിച്ചു പ്രസംഗങ്ങൾ തയ്യാറാക്കുകയും ചെയ്യുന്ന ഒട്ടേറെ ക്രിസ്തീയ പ്രസംഗകരുണ്ട്. തങ്ങൾക്കു മഹത്വമുണ്ടാക്കാനായി അവർ അതുപയോഗിക്കുന്നു. എന്നാൽ അവരുടെ പ്രസംഗം കാരണമായി ചിലർ അനുഗ്രഹിക്കപ്പെ

സ്വന്തം സൗകര്യങ്ങളോടുള്ള മനോഭാവത്തിൽ വളരെയേറെ സ്വാർത്ഥതയുള്ളവരാണ് ആദാമ്യ വർഗ്ഗം. ഏറ്റവും നല്ല കിടക്കയും ഏറ്റവും നല്ല ഭക്ഷണവും ഏറ്റവും വലിയ കേക്കു കഷണവും തിരഞ്ഞെടുക്കുന്നവരാണു നാം. കുട്ടികളായിരിക്കുമ്പോൾ ഈ സ്വഭാവമൊക്കെ പച്ചയായി വെളിപ്പെടുത്തും. പ്രായമാകുമ്പോൾ സാക്ഷ്യം നഷ്ടപ്പെടാതിരിക്കാൻ നാം കൗശലപൂർവ്വം പെരുമാറും.

ടുന്നു എന്നതിൽ ഞാൻ സന്തോഷിക്കുന്നു. അവരുടെ തെറ്റായ ഉദ്ദേശ്യങ്ങളെ ദൈവം വിധിക്കട്ടെ. രക്ഷിക്കപ്പെടാത്ത വ്യക്തികൾ നൽകുന്ന ട്രാക്റ്റുകളിലൂടെ ആളുകൾ രക്ഷയിലേക്കു വരാറുണ്ട്. പക്ഷേ ട്രാക്റ്റുകൾ വിതരണം ചെയ്ത ആൾ ഒടുവിൽ നരകാഗ്നിയിലേക്കു പതിക്കും. അവരെ നമുക്കു വിധിക്കേണ്ടതില്ല. അന്ത്യവിധിയിൽ ദൈവം അവരെ വിധിക്കും. തെറ്റായ ഉദ്ദേശ്യത്തോടെ സുവിശേഷം പ്രസംഗിക്കുന്ന ഏതു വ്യക്തിയേയും ദൈവം ശിക്ഷിക്കും.

പൗലൊസ് പറഞ്ഞു: "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാണ്" എന്ന് (1:21). താൻ മരിക്കുന്ന നിമിഷം തന്നെ കർത്താവിനോടുകൂടെ ചേർന്നിരിക്കും. താൻ തുടർന്നു ജീവിക്കുന്നെങ്കിൽ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ഫലപ്രദമായ ശുശ്രൂഷയിലായിരിക്കും. ഇതു രണ്ടും പൗലൊസിനെ സംബന്ധിച്ച് അഭികാമ്യമാണ്. ഇതിൽ ഏതു തിരഞ്ഞെടുക്കണമെന്നു തനിക്കു നിശ്ചയമില്ലായിരുന്നു. ഒടുവിൽ താൻ ഇപ്രകാരം തീരുമാനിക്കുന്നു- വിശ്വാസികളെ ഉറപ്പിക്കേണ്ടതിനു കുറച്ചു കാലം കൂടി ഭൂമിയിൽത്തന്നെ തുടരാമെന്ന്. വിശ്വാസികളെ സ്ഥിരീകരണത്തിലേക്കു നടത്തേണ്ടതിനും തിരുവെഴുത്തുകളിലേക്കു മുതൽക്കൂട്ടേണ്ട ലേഖനങ്ങൾ ബാക്കിയുള്ളവ കൂടി പൂർത്തീകരിക്കേണ്ടതിനും ദൈവം കുറച്ചു വർഷങ്ങൾ കൂടി പൗലൊസിന് അനുവദിച്ചു നൽകി. പിന്നീട് തിമൊഥെയോസിനുള്ള രണ്ടാമത്തെ ലേഖനം എഴുതുന്ന കാലത്തു താൻ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുവാനുള്ള കാലം അടുത്തു എന്ന് അദ്ദേഹത്തിനു ബോദ്ധ്യമായിരുന്നു.

1:27ൽ അദ്ദേഹം ഇപ്രകാരം തുടരുന്നു: "ഞാൻ നിങ്ങളെ വന്നു കാണുമ്പോഴായാലും ദൂരെയിരുന്നു നിങ്ങളെക്കുറിച്ചു കേൾക്കുമ്പോളായാലും നിങ്ങൾ... ഒരു മനസ്സോടെ ഏകാത്മാവിൽ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാടേണ്ടതിനു തന്നെ നിലകൊള്ളുന്നു എന്നു ഗ്രഹിക്കേണ്ടതിനു ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാംവണ്ണം നടക്കുവീൻ." അവരെക്കുറിച്ചു പൗലൊസിന് ഒരേ ഒരു ഭാരമാണുണ്ടായിരുന്നത് – ഐക്യത. ഏകാത്മാവിൽ ഏകമനസ്സോടെ പോരാടുക. അതുപോലെ തന്നെ എതിരാളികൾ ഒരിക്കലും നിങ്ങളെ ഭിന്നിപ്പിക്കുവാൻ ഇടവരരുത്. പീഡനങ്ങൾക്കു നടുവിൽ, രക്ഷിക്കപ്പെടുന്ന നിങ്ങൾ, സ്വസ്ഥതയിലായിരിക്കും. നശിക്കുന്നവർ കലങ്ങിപ്പോകും. നിങ്ങളുടെ സ്വസ്ഥത നിങ്ങളുടെ രക്ഷയുടെ തെളിവും അടയാളവുമായിരിക്കും. "നിന്നെ ക്രൂശിക്കുവാനും വിട്ടയ

യ്ക്കുവാനും എനിക്ക് അധികാരമുണ്ട് എന്നു നീ അറിയുന്നുവോ?'' എന്നു പീലാത്തോസ് യേശുവിനോടു ചോദിച്ചപ്പോൾ യേശു സ്വസ്ഥനായി ഇങ്ങനെ മറുപടി നൽകി: "എന്റെ പിതാവു നിനക്കു നൽകിയിട്ടില്ലെങ്കിൽ നിനക്ക് എന്റെമേൽ ഒരു അധികാരവും ഉണ്ടാകയില്ല" (യോഹ. 9:10,11). യേശു അക്ഷോഭ്യനായിരുന്നു. നമ്മുടെ ജീവിതത്തിലും ഇപ്രകാരം ഏതെങ്കിലും ലൗകിക അധികാര സ്ഥാനങ്ങൾക്കു മുമ്പിൽ നില്ക്കേണ്ടി വരുമ്പോൾ പൊന്തിയോസ് പിലാത്തോസിനു മുമ്പാകെ യേശു പറഞ്ഞ അതേ ഏറ്റു പറച്ചിൽ നമുക്കും നൽകാൻ കഴിയണം. "എന്റെ പിതാവു നൽകുന്നില്ലെങ്കിൽ നിനക്ക് എന്റെ മേൽ ഒരു അധികാരവുമില്ല." അതു നമ്മുടെ ശത്രുക്കളുടെ നാശത്തിന് ഒരു അടയാളമായിരിക്കും. ദൈവം നമുക്കു രണ്ട് അവകാശങ്ങൾ നൽകിത്തന്നിരിക്കുന്നു. ''ക്രിസ്തുവിൽ വിശ്വസിക്കുക'' "ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിക്കുക" (1:29). ഇതു രണ്ടും ചേർന്നു പോകുന്ന രണ്ടു കാര്യങ്ങളാണ്.

രണ്ടാം അദ്ധ്യായത്തിൽ ഐക്യതയെക്കുറിച്ചു തന്നെ പൗലൊസ് തുടരുന്നു. 1:27-ലേതിനു സമാനമായ നാലു പദപ്രയോഗങ്ങൾ നമുക്കു കാണാം. "നിങ്ങൾ ഏക മനസ്സുള്ളവരായി ഏകസ്നേഹം പൂണ്ട് ഐക്യമത്യപ്പെട്ട് ഏകഭാവമുള്ളവരായി'' (2:2). ഇപ്രകാരമുള്ള ഐക്യത പ്രാപിക്കുവാൻ എന്തു ചെയ്യണമെന്നു തുടർന്ന് അദ്ദേഹം പറഞ്ഞു പോകുന്നു. ക്രിസ്തുവിന്റെ ശരീരം പണിയുന്നതിനും കൂട്ടായ്മയിൽ വളരുന്നതിനുമുള്ള ഐക്യത എങ്ങനെ നേടാം? "ശാഠ്യത്താലോ (സ്വാർത്ഥത) ദുരഭിമാനത്താലോ (പൊങ്ങച്ചം) ഒന്നും ചെയ്യരുത്" (2:3). നാം മരിക്കുവോളം നമ്മെ മുറുകെ പിടിച്ചിരിക്കുന്ന രണ്ടു പാപങ്ങളാണ് സ്വാർത്ഥതയും നിഗളവും. പല അളവിൽ പല രൂപങ്ങളിൽ പല ഭാവങ്ങളിൽ. കുറച്ചു കാലം കൊണ്ട് അശുദ്ധ ചിന്തകളെയും പണസ്നേഹത്തെയും പെട്ടെന്നു മുറിവേൽക്കുന്ന തൊട്ടാവാടി സ്വഭാവത്തെയും അപവാദം പറയുന്നതിനെയും നുണ പറയുന്നതിനെയും കയ്പിനെയും ക്ഷമിക്കാത്ത മനോഭാവത്തെയും ഒക്കെ നമ്മിൽ നിന്നും നീക്കുവാൻ കഴിഞ്ഞേക്കാം. എന്നാൽ സ്വാർത്ഥതയും നിഗളവും നമ്മിൽ ആഴത്തിൽ വേരുകളുള്ള തിന്മയാണ്. രണ്ടു വലിയ ഉള്ളി പോലെയാണവ. ഒരു ഇതൾ അടർത്തി മാറ്റുമ്പോൾ, അടുത്ത ഇതൾ അതിനടിയിൽ കണ്ടെത്തുന്നു. അത് അടർത്തി മാറ്റുമ്പോൾ, വീണ്ടും അടുത്ത ഇതൾ നാം കണ്ടെത്തുന്നു. ഈ പ്രക്രിയ തുടർന്നു കൊണ്ടേയിരിക്കും.

ആദാമ്യ വർഗ്ഗത്തിന്റെ ഒരു അടിസ്ഥാന സ്വഭാവമാണ് സ്വാർത്ഥത. നാം സമയം ചെലവഴിക്കുന്നതിലും പണം ചെലവഴിക്കുന്നതിലും ഒക്കെ സ്വാർത്ഥതയുടെ താത്പര്യം നാം നിരന്തരം കാണുന്നു. ഓരോന്നും കാണുമ്പോൾ നമുക്ക് അതിൽ നിന്നും രക്ഷ നേടുവാനായി പൊരുതാം. അപ്രകാരം ലക്ഷ്യം വയ്ക്കുന്നവർക്കു ക്രമേണ ക്രിസ്തുതുല്യമായ സ്വഭാവം പ്രാപിക്കുവാൻ കഴിയും. നിങ്ങളുടെ സ്വാർത്ഥതയെക്കുറിച്ചു നിങ്ങൾക്കു വെളിച്ചം ലഭിക്കുന്നില്ലെങ്കിൽ അതിനർത്ഥം നിങ്ങൾ കർത്താവിനോടൊപ്പം വെളിച്ചത്തിൽ നടക്കുന്നില്ല എന്നാണ്. എന്നു മാത്രമല്ല ക്രിസ്തുവിന്റെ ശരീരം പണിയുന്നതിനു നിങ്ങൾ ഒരു തടസ്സവുമായിരിക്കും.

ആദാമ്യ വർഗ്ഗത്തിന്റെ മറ്റൊരു അടിസ്ഥാന സ്വഭാവമാണ് നിഗളം. നമ്മുടെ രൂപഭാവങ്ങളിലും ബുദ്ധിയിലുമൊക്കെ അതാകാം തെളിഞ്ഞു നില്ക്കുന്നത്. ഇക്കാര്യങ്ങളിലൊക്കെ പ്രകടമാകുന്ന നിഗളത്തെ നാം ജയിക്കുന്നില്ലെങ്കിൽ പിന്നീട് ആത്മീയ നിഗളമെന്ന അപകടത്തിലാകാം നാം തുടർന്നെത്തുന്നത്.

സ്വാർത്ഥതയുടെയും ആത്മീയ നിഗളത്തിന്റെയും ഇതളുകൾ അടർത്തി മാറ്റുന്നതിൽ വിശ്വസ്തരാകുന്നവർ ക്രിസ്തു ശരീരത്തിൽ അധികമധികമായി ഒന്നായിത്തീരും. ഈ വിഷയത്തോടുള്ള ബന്ധത്തിലാണ് പൗലൊസ് ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ എന്നു പ്രബോധിപ്പിക്കുന്നത് (2:5). ഈ ഒരൊറ്റ വാക്യം മാത്രം മതി നിങ്ങൾക്കു ജീവിതകാലം മുഴുവൻ മുമ്പോട്ടു പോകുവാൻ. നിങ്ങളെ രൂപാന്തരപ്പെടുത്താൻ വേറെ അധികം വാക്യങ്ങളൊന്നും അന്വേഷിക്കേണ്ടതില്ല. ഏതൊരു സാഹചര്യത്തിനു മുമ്പിലും നിങ്ങളോടു തന്നെ ചോദിക്കുക "ഞാൻ ക്രിസ്തുവിന്റെ ഭാവമാണോ ഇവിടെ അണിഞ്ഞിരിക്കുന്നത്?" കഴിഞ്ഞകാല പ്രവൃത്തികളെ ഓരോന്നായി ഈ ചോദ്യത്തിനു മുമ്പിൽ വിധിക്കുക. "ഞാൻ ക്രിസ്തുവിന്റെ മനോഭാവത്തോടെ ആയിരുന്നുവോ അവിടെ പ്രവർത്തിച്ചത്?" സ്വന്തം സൗകര്യങ്ങളോടുള്ള മനോഭാവത്തിൽ വളരെയേറെ സ്വാർത്ഥതയുള്ളവരാണ് ആദാമ്യ വർഗ്ഗം. ഏറ്റവും നല്ല കിടക്കയും ഏറ്റവും നല്ല ഭക്ഷണവും ഏറ്റവും വലിയ കേക്കു കഷണവും തിരഞ്ഞെടുക്കുന്നവരാണു നാം. കുട്ടികളായിരിക്കുമ്പോൾ ഈ സ്വഭാവമൊക്കെ പച്ചയായി വെളിപ്പെടുത്തും. പ്രായമാകുമ്പോൾ സാക്ഷ്യം നഷ്ടപ്പെടാതിരിക്കാൻ നാം കൗശലപൂർവ്വം പെരുമാറും. സ്വഭാവം പഴയതു തന്നെയായിരിക്കും.

യേശുവിന്റെ മനോഭാവം എന്താണ്? അവിടുന്നു സ്വർഗ്ഗത്തിലായിരുന്നപ്പോൾ തനിക്കുള്ള സൗഭാഗ്യങ്ങളൊന്നും ഇല്ലാത്ത മനുഷ്യരെക്കുറിച്ചു ചിന്തിച്ചു. "എനിക്കുള്ള സൗഭാഗ്യങ്ങൾ അവർക്കും ഉണ്ടാകണം." അതായിരുന്നു യേശുവിന്റെ മനോഭാവം. അപ്രകാരം നമുക്കും മറ്റുള്ളവരെക്കുറിച്ചുണ്ടാകേണ്ട മനോഭാവമാണ് "എനിക്കു പാപക്ഷമ ലഭിച്ചിരിക്കുന്നു, അവർക്കില്ല, എനിക്കു പാപത്തിന്മേൽ ജയം ലഭിച്ചിരിക്കുന്നു, അവർക്കതില്ല. അതുകൊണ്ട് അവർക്കും അതു ലഭ്യമാകണം. അതിനുള്ള വഴി ഞാൻ അവർക്കു പറഞ്ഞു കൊടുക്കണം." ഭൗതിക ആവശ്യങ്ങളെക്കുറിച്ചും ഈ മനോഭാവം നമുക്കുണ്ടാകണം. തണുപ്പുള്ള രാത്രികളിൽ കമ്പിളി വസ്ത്രങ്ങളും പുതപ്പും സൗകര്യങ്ങളുമുള്ളവർക്ക് അതില്ലാത്ത സഹോദരങ്ങളെക്കുറിച്ചു ചിന്തിക്കാം. അതാണു ക്രിസ്തുവിന്റെ ഭാവം. ഭക്ഷണമുള്ളവർ ഇല്ലാത്തവരെക്കുറിച്ചു ചിന്തിക്കുക. അതാണു ക്രിസ്തുവിന്റെ മനസ്സ്.

ക്രിസ്തു ലോകത്തിലേക്കു വന്നപ്പോൾ അവിടുന്നു സ്വയം താഴ്ത്തി (2:6). പിതാവിനോടു സമനായിരുന്നവൻ തന്റെ അവകാശങ്ങൾ വിട്ടുകളഞ്ഞ് ഒരു ദാസനെപ്പോലെയായി. സകല മനുഷ്യരുടെയും ദാസൻ. മറ്റുള്ളവരുടെ മേൽ ആധിപത്യം ചെലുത്താൻ അവിടുന്നു തയ്യാറായില്ല. ഒരു സ്ഥാനമോ പദവിയോ പേരോ സ്വീകരിക്കാതെ ആളുകളെ സേവിച്ചു. തന്നെത്തന്നെ 'മനുഷ്യപുത്രൻ' എന്നായിരുന്നു അവിടുന്നു വിളിച്ചത്.

എന്നു വച്ചാൽ ഒരു സാധാരണ മനുഷ്യൻ. താൻ ഭൂമിയിലായിരുന്നപ്പോഴും സർവ്വശക്തനായ ദൈവം തന്നെ ആയിരുന്നു. എങ്കിലും 'സാധാരണ മനുഷ്യൻ' എന്നാണു താൻ സ്വയം വിശേഷിപ്പിച്ചത്. തനിക്ക് ഒരു ദാസന്റെ മനസ്സായിരുന്നു.

ശുശ്രൂഷ ചെയ്യുന്നതും ശുശ്രൂഷക്കാരനാകുന്നതും വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്. ഒരു ശുചിത്വ പരിപാടിയുടെ ഉദ്ഘാടന വേളയിൽ മന്ത്രി ചൂലുകൊണ്ട് പൊതുസ്ഥലം അടിച്ചു വാരുന്നതിന്റെ ചിത്രം നാം കാണാറുണ്ട്. അഞ്ചു സെക്കന്റു നീണ്ടു നിൽക്കുന്ന ഒരു അടിച്ചു വാരൽ മാത്രമാണത്. അദ്ദേഹം ഒരു ദാസനാണോ? ഒരിക്കലുമല്ല. അതൊരു പ്രകടനം മാത്രമാണ്. തനിക്കു ഒരു പേരു കിട്ടാൻ വേണ്ടി നടത്തുന്ന അഞ്ചു സെക്കന്റു നീണ്ടു നില്ക്കുന്ന ഒരു അഭിനയം മാത്രം. വേല ചെയ്യുന്നതും വേലക്കാരനാകുന്നതും തികെച്ചും വ്യത്യസ്തമായ രണ്ടു കാര്യമാണ്. അവ തമ്മിൽ രണ്ടു ലോകങ്ങളുടെ തന്നെ വ്യത്യാസമുണ്ട്. നമുക്കു മനുഷ്യരുടെ മാനം ലഭിക്കുവാൻ വേണ്ടി സേവകനാകുവാൻ കഴിയും. എന്നാൽ ഒരു യഥാർത്ഥ ശുശ്രൂഷക്കാരൻ ശുശ്രൂഷിക്കുന്നതു തന്റെ മനോഭാവം ദാസന്റേത് ആയതുകൊണ്ടു മാത്രമാണ്. അവരെ സംബന്ധിച്ച് തന്നെത്തന്നെ അങ്ങനെ മാത്രമേ കാണുവാൻ കഴിയുകയുള്ളു.

കർത്താവ് എന്നെ ഈ സത്യം ഒരിക്കൽ പഠിപ്പിച്ചത് ഇങ്ങനെയാണ്. ഞാൻ പതിനൊന്നു വർഷം സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. അവിടെ കൃത്യനിഷ്ഠയ്ക്കു വലിയ പ്രാധാന്യം കല്പിച്ചിരുന്നു. 6.30 ന് ഒരു പരേഡു വച്ചിട്ടുണ്ടെങ്കിൽ 6.25നു തന്നെ ഞങ്ങൾക്ക് അവിടെ എത്തിച്ചേരേണ്ടിയിരുന്നു. അത് ഒരിക്കലും 6.31ന് ആയിക്കൂടായിരുന്നു. ആരെങ്കിലും 6.31ന് എത്തിയാൽ അയാൾ പിന്നീടൊരിക്കലും ജീവിതകാലത്തു മറക്കാൻ കഴിയാത്തവിധം ഒരു പാഠം അയാളെ പഠിപ്പിച്ചിരിക്കും. ഞാൻ ഒരു സഭയിലെ മൂപ്പനായപ്പോൾ അവിടെ പകുതിയിലധികം പേരും സഭായോഗത്തിന് കൃത്യസമയത്ത് എത്തുന്നില്ലെന്നു മനസ്സിലാക്കി. ഇത് എന്നെ അസ്വസ്ഥനാക്കുകയും ഞാൻ പല തരത്തിൽ പ്രബോധനങ്ങളിലൂടെ അവർക്കു വ്യത്യാസം വരുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ഫലമുണ്ടായില്ല. അപ്പോൾ കർത്താവ് എന്നെ കാണിച്ചു തന്നു – ഞാൻ ഒരു യജമാനനെപ്പോലെയാണ് പെരുമാറുന്നത്, ദാസനെപ്പോലെയല്ല എന്ന്. ഉദാഹരണമായി രാജകൊട്ടാരത്തിലെ പരിചാരകൻ ഭക്ഷണമേശയിൽ സമയത്തിനു മുമ്പെ തന്നെ നിലകൊള്ളേണ്ടതുണ്ട്. രാജാവിനും രാജ്ഞിക്കും തങ്ങൾക്കു ബോധിച്ച സമയത്തു വരാൻ കഴിയും. കർത്താവ് എന്നോടു സഭയിൽ ഇപ്രകാരം ഒരു പരിചാരകൻ ആയിരിക്കാനും വിശ്വാസികളെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു കരുതുവാനും പറഞ്ഞു. അതുമുതൽ എന്റെ അസ്വസ്ഥത നീങ്ങി. ഇക്കാര്യത്തിൽ എന്റെ ഹൃദയം സമാധാനത്തിലായി. ഒരു ശുശ്രൂഷ ചെയ്യുന്നതും ശുശ്രൂഷക്കാരന്റെ മനസ്സുണ്ടാകുന്നതും തമ്മിലുള്ള വ്യത്യാസം ഞാൻ മനസ്സിലാക്കി. എനിക്ക് അതാണാവശ്യമെന്നും ഞാൻ അറിഞ്ഞു. മറ്റുള്ളവർ കൃത്യനിഷ്ഠയിൽ വീഴ്ച വരുത്തുന്നതിൽ പിന്നീടൊരിക്കലും ഞാൻ അസ്വസ്ഥനായിട്ടില്ല.

(*തുടരും*)

(മൊഴിമാറ്റം: **ബോബി ചെറിയാൻ**)

ദൈവം യോജിപ്പിച്ചത്

## മരിയയും ഹഡ്സനും –3

# ഇടുക്കമുള്ള പാതയിലൂടെ വിശാലഹൃദയത്തോടെ



**ശമ്പളം** പറ്റിക്കൊണ്ടു സുവിശേഷ വേല ചെയ്യാതെ, ദൈവകൃപയിൽ മാത്രം ആശ്രയിച്ച്, കിട്ടുന്ന വരുമാനം കൊണ്ടു അഹോവൃത്തി കഴിക്കുക എന്ന പ്രമാണമാണ് ജീവിതത്തിലുടനീളം ഹഡ്സൻ സ്വീകരിച്ചത്. അദ്ദേഹം ചൈനയിൽ വരുന്നതിന് ക്രമീകരണങ്ങൾ ചെയ്ത ചൈനീസ് ഇവാഞ്ചലൈസേഷൻ സൊസൈറ്റി (സി.ഇ.എസ്) യുമായുള്ള ബന്ധം വിവാഹത്തിനു മുൻപു തന്നെ ഉപേക്ഷിച്ചിരുന്നു.

ഹഡ്സൻ ചൈനീസ് ജീവിതശൈലി സ്വീകരിച്ചിരുന്നതുകൊണ്ട് മറ്റു മിഷനറി സമൂഹത്തിന്റെ പരിഹാസത്തിന് പാത്രനായെങ്കിലും ജീവിതച്ചെലവുകൾ കുറയ്ക്കുവാൻ ഈ മാറ്റം സഹായിച്ചു. മറ്റൊരു മിഷനറി ജോൺ ജോൺസും തന്റെ സംഘടന വിട്ട് സ്വതന്ത്രനായി പ്രവർത്തിക്കുവാൻ താൽപര്യപ്പെട്ടുകൊണ്ട് ഹഡ്സനോട് ചേർന്നു നിന്നു. അന്ധകാരത്തിലിരിക്കുന്ന ചൈനയിലെ ജനതയോട് 'നന്മ സുവിശേഷിക്കുക' എന്ന ഏക ലക്ഷ്യത്തിലേക്ക് അവരിരുവരും ഹൃദയം വച്ചു. എന്നാൽ തിരിച്ചടികൾ നേരിട്ടപ്പോൾ മറ്റേതെങ്കിലും മിഷനറി സംഘവുമായി ചേർന്നു പ്രവർത്തിക്കാനുള്ള ചിന്ത ഹഡ്സന് ഉണ്ടായി.

തക്ക സമയത്ത് ഇംഗ്ലണ്ടിൽ നിന്നു ജോർജ് മുള്ളർ ഹഡ്സനെ വിശ്വാസത്താൽ ജീവിക്കുവാൻ ഉൽസാഹിപ്പിച്ചുകൊണ്ട് കത്തെഴുതി. അതിപ്രകാരമാണ്: "പ്രിയ സഹോദരാ, ഈ കത്തിനോടൊപ്പം നാൽപത് പൗണ്ടു കൂടി താങ്കൾക്കു തരുവാൻ സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്. ഈ പണം പ്രാർത്ഥനയ്ക്കുള്ള മറുപടിയായി കർത്താവിൽ നിന്നും ലഭിച്ചതാണ്. ഇല്ലായ്മകൾക്കു മധ്യേ സ്വർഗ്ഗീയ പിതാവിൽ ആശ്രയിക്കുവാൻ സഹോദരന് ദൈവം അധികം കൃപ തരുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആവശ്യങ്ങൾക്കായി ദൈവമുഖത്തേക്കു നോക്കുവാൻ താങ്കൾ മുന്നമേ തീരുമാനിച്ചിരുന്നത് എന്നെയും സന്തോഷിപ്പിച്ചു. കഴിഞ്ഞ 27 വർഷമായി ഇക്കാര്യത്തിൽ ദൈവത്തിന്റെ വിശ്വസ്തത ഞാനും അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

എന്ന് കർത്താവിൽ നിങ്ങളുടെ

സഹോദരൻ ജോർജ് മുള്ളർ."

വളരെ തിരക്കുള്ള ശുശ്രൂഷക നായ മുള്ളറിന്റെ ഇത്തരത്തിലുള്ള കത്തുകളും സംഭാവനകളും ഹഡ്സന്റെ വിശ്വാസ ജീവിതത്തെ സ്വാധീനിച്ചു.

വിവാഹത്തിനു ശേഷം നിംഗ്പോയിലെ ബ്രിഡ്ജ് സ്ട്രീറ്റ് എന്ന സ്ഥലത്തുള്ള ചെറിയ വീട് മിഷൻ ആസ്ഥാനമായി എടുത്തു താമസമാരംഭിച്ചു. ജോൺ ജോൺസ് എന്ന മിഷനറി പാസ്റ്റർ ആയി സേവനം അനുഷ്ഠിച്ചും മരിയ ഒരു ചെറിയ ഒരു സ്കൂൾ നടത്തിക്കൊണ്ടും ഹഡ്സന്റെ നേതൃത്വത്തിലുള്ള ചെറിയ സംഘം, ദൃഢനിശ്ചയത്തോടെ സുവിശേഷ യാത്രയുടെ ദുഷ്ക്കരമായ പാതകളിലേക്കു നീങ്ങി. പ്രതിഫലം നോക്കി ആരും കർത്താവിനെ സേവിക്കാതെ, ഒരു ചെറിയ ആട്ടിൻ കൂട്ടമായി മുന്നോട്ടു പോകാനുള്ള ഊന്നൽ കൊടുത്തു. ഇതേസമയം ശരിയായ മാനസാന്തരത്തിന്റെ വഴിയിലൂടെ വരുന്നവർക്കു മാത്രം സ്നാനം നൽകിയും, ഭൗതിക ലാഭം ലാക്കാക്കി മാത്രം വരുന്നവരെ നിയന്ത്രിച്ചും, അങ്ങനെ ആളുകളുടെ എണ്ണം പെരുപ്പിച്ചു സഭ മലിനപ്പെട്ടു പോകാതിരിക്കുവാനും അവർ ശ്രദ്ധ കൊടുത്തു.

മിഷൻ സ്റ്റേഷനു സമീപം താമസിക്കുന്ന നിർദ്ധനരായ ആളുകൾക്കു പ്രഭാത ഭക്ഷണം കൊടുക്കുന്ന സംരംഭം അവർ ആരംഭിച്ചു. സുവിശേഷഘോഷണം, അധ്യാപനം, രോഗികളെ ചികിൽസിക്കുക തുടങ്ങിയ ഭാരിച്ച ജോലികൾ ഹഡ്സനും മരിയയ്ക്കും ഉണ്ടായിരുന്നു. എൺപതു പേർക്കു ദിനവും രാവിലെ ഭക്ഷണം കൊടുക്കണം. ഒരു ദിവസം രാവിലത്തെ ഭക്ഷണം കഴിഞ്ഞപ്പോഴേക്കും അരിച്ചാക്കു കാലിയായി. അടുത്ത ദിവസത്തേക്കു വാങ്ങാനുള്ള പണവുമില്ല. 'യഹോവാ യിരേ' എന്നു ഭക്ഷണമുറിയിൽ തൂക്കിയിട്ടിരുന്ന വചനം അവർക്കു ധൈര്യം പകർന്നു. ഇന്നുവരെ പരിപാലിച്ച ദൈവം ഇനിയും നമ്മെ പരിപാലിക്കുമെന്നായിരുന്നു അതിന്റെ അർത്ഥം. അന്നത്തെ തപാലിൽ തന്നെ ആവശ്യങ്ങൾക്കു മതിയാകുന്ന തുക വന്നുചേർന്നു! ഹഡ്സന്റെ ഡിസ്പെൻസറിയിൽ 'ഓപ്പിയം' എന്ന മയക്കുമരുന്നിന് അടിമകളായ ധാരാളം പേർ ചികിൽസയ്ക്ക് എത്തി. തുടർന്നു ബ്രിഡ്ജ് സ്ട്രീറ്റിലെ ചാപ്പലിലേക്കു കൂടുതൽ പേർ വരാൻ തുടങ്ങി. രോഗത്തിനുള്ള ചികിൽസയേക്കാൾ, അവരെ യേശുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നത് കൂടുതൽ ഫലപ്രദമായി ഹഡ്സൻ കണ്ടു.

സുവിശേഷ ഘോഷണം മറ്റു സ്ഥലങ്ങളിലേക്കു വ്യാപിച്ചു മിഷന്റെ പ്രവർത്തനം വളർന്നുകൊണ്ടിരിക്കുമ്പോഴും ചെറിയ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്നതിൽ ഹഡ്സൺ ഒരു വീഴ്ചയും വരുത്തിയില്ല. പതിവായിട്ടുള്ള പരസ്യ യോഗങ്ങൾക്കു ശേഷം ദൈവവചന ധ്യാനത്തിനായി രാത്രിയിലും വിശ്വാസികൾ കൂടിവരാറുണ്ടായിരുന്നു. അപ്പോൾ പഴയ നിയമത്തിൽ നിന്നും ഒരു ഭാഗം ചിന്തിച്ച ശേഷം 'പരദേശി മോക്ഷയാത്ര' പോലെ ക്രിസ്തീയ ജീവിതത്തിനു സഹായകരമായ പുസ്തകങ്ങളിൽ നിന്നും പഠിക്കും. തുടർന്നു പുതിയ നിയമത്തിൽ നിന്നും പ്രായോഗിക ജീവിതത്തിന് സഹായകരമായ രീതിയിൽ വചനം ധ്യാനിക്കും. ഇങ്ങനെ "ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് നാൾതോറും അന്യോന്യം പ്രബോധിപ്പിച്ച

ശേഷം (എബ്രാ. 3:11) വീണ്ടും ഞായറാഴ്ച സഭായോഗത്തിനായി കൂടിവരും. ഒരിക്കൽ പുതുതായി കടന്നു വന്നയാൾ തന്റെ കൂട്ടുകാരനോട് ഇപ്രകാരം പറഞ്ഞു: 'ഈ ചാപ്പലിനകത്തേക്കു പ്രവേശിക്കുമ്പോൾ തന്നെ എന്റെ ഹൃദയം വിശാലമായതുപോലെ തോന്നുന്നു.' ആ ചാപ്പലിന്റെ വിശാലമായ കവാടംപോലെ ടെയ്‌ലർ ദമ്പതികളുടെ ഹൃദയവും മറ്റുള്ളവർക്കുവേണ്ടി വിശാലമായി തുറന്നിട്ടിരുന്നതാണ് അതിനുള്ള കാരണവും.

ഒരു ദിവസം യോഹന്നാൻ 3:16 ആസ്പദമാക്കി ഹഡ്സൻ സുവിശേഷ പ്രസംഗം നടത്തുകയായിരുന്നു. കേട്ടുകൊണ്ടിരുന്ന 'നൈയോങ്ഫ' എന്ന പേരുള്ള ഒരു പ്രശസ്ത വ്യാപാരി യോഗാനന്തരം ഹഡ്സന്റെ അടുക്കലേക്കു വന്നു. ഒരു ബുദ്ധമത വിഭാഗത്തിന്റെ നേതാവായിരുന്നു അദ്ദേഹം. നൈ ഇങ്ങനെ പറഞ്ഞു: "സത്യം അന്വേഷിച്ചു ഞാൻ ദിക്കുകൾ ചുറ്റി; പല മതങ്ങൾ പരിശോധിച്ചു. ഒന്നിലും സമാധാനം കണ്ടെത്തിയില്ല. ഇന്നു നിങ്ങൾ പറഞ്ഞ വചനങ്ങൾ എനിക്കു സമാധാനം പകർന്നു തന്നു. ഞാൻ ഇന്നു മുതൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു." സുവിശേഷ യോഗങ്ങളിൽ തുടർന്ന് അദ്ദേഹം തന്റെ മാനസാന്തരത്തെപ്പറ്റി സാക്ഷ്യം പറയുവാൻ തുടങ്ങി. ഉന്നത വ്യക്തിയായ അദ്ദേഹത്തിന്റെ സാക്ഷ്യം കേട്ടു പലരും ക്രിസ്തുവിങ്കലേക്കു വന്നു. ഹഡ്സൻ ഇതു കണ്ടു സന്തോഷിച്ചു ദൈവത്തിനു മഹത്വം കൊടുത്തു. ഒരു ദിവസം നൈ ഹഡ്സനോടു ചോദിച്ചു: "ഈ സുവിശേഷം എത്ര വർഷങ്ങൾക്കു മുൻപു ഇംഗ്ലണ്ടിൽ നിങ്ങൾക്കു ലഭിച്ചു?" "ശതാബ്ദങ്ങൾക്കു മുൻപ്." ഹഡ്സൻ മറുപടി പറഞ്ഞു. "എന്ത്! എന്നിട്ട് ഈ സുവിശേഷം ഇവിടേക്കു കൊണ്ടുവരുവാൻ എന്തുകൊണ്ടു താമസിച്ചു? എന്റെ പിതാവൊക്കെ ഈ സത്യമറിയാതെ മരണമടഞ്ഞല്ലോ എന്നോർത്തു ഞാൻ ദുഃഖിക്കുന്നു." ഈ പ്രസ്താവന ഹഡ്സന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിനു വളരെയധികം പ്രചോദനം നൽകി.

ആരംഭ നാളുകളിൽ തന്നെ മരിയയും ഹഡ്സനും കഠിനമായ പരിശോധനകളിലൂടെയും കടന്നുപോയി. വിവാഹത്തിനു ശേഷം ഒരു വർഷം കഴിഞ്ഞപ്പോൾ 1859 ഫെബ്രുവരിയിൽ മൂന്നുമാസം ഗർഭിണിയായ മരിയയ്ക്കു രോഗം പിടിപെട്ടു നില അപകടത്തിലായി. മറ്റൊരു മിഷനറി ആയിരുന്ന ഡോക്ടർ പാർക്കറിന്റെ നിർദ്ദേശാനുസരണമുള്ള ചികിൽസകൾ തുടരുകയാണ്. ഹഡ്സൻ മരിയയെ നിരീക്ഷിച്ചുകൊണ്ട് അടുത്തു തന്നെ എപ്പോഴും ഉണ്ടാകണമെന്നും പാർക്കർ പറഞ്ഞു. പെട്ടെന്നൊരു ദിവസം നില വളരെ ഗുരുതരമായി. മരിയയ്ക്ക് ഇതുവരെ കൊടുത്തിട്ടില്ലാത്ത ഒരു മരുന്നിനെക്കുറിച്ചു ഹഡ്സൻ ചിന്തിച്ചു. എന്നാൽ ഡോക്ടർ പാർക്കറിനോട് അഭിപ്രായം ചോദിക്കാതെ അതു കൊടുക്കുവാനുള്ള ധൈര്യവുമില്ല. പാർക്കർ രണ്ടു മൈൽ അകലെയുള്ള ഒരു ഹോസ്പിറ്റലിലാണ്. ഒരു നിമിഷം... ഹഡ്സൻ മരിയയുടെ മുഖത്തേക്കു നോക്കി. വേഗത്തിൽ ഇറങ്ങി തെരുവിലൂടെ പാർക്കറിന്റെ അടുത്തേക്കു പോയി. പോകുന്ന വഴിയിൽ പ്രാർത്ഥനയിൽ പോരാടിക്കൊണ്ടിരുന്നു. "കഷ്ടകാലത്ത് അവൻ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ അവന് ഉത്തരമരുളും. ഞാൻ അവനെ വിടുവിച്ചു

മഹത്വപ്പെടുത്തും" (സങ്കീ.91:15). ഈ വചനം ഒരു വിശ്വാസമായി ഹൃദയത്തിലേക്കു വന്നു. തുടർന്നു സകല ബുദ്ധിയേയും കവിയുന്ന ദൈവിക സമാധാനം ഹൃദയത്തിൽ അനുഭവിച്ചു. ഡോക്ടർ പാർക്കറും ആ മരുന്ന് കൊടുക്കുന്നതിനോട് അനുകൂലിച്ചു. തിരികെ മരിയയുടെ അടുക്കലെത്തിയപ്പോൾ അവളുടെ ഗുരുതരാവസ്ഥ മാറിയതായി കണ്ടു! ആ മരുന്നു കൊടുക്കേണ്ട ആവശ്യമുണ്ടായില്ല! അവരുടെ വിശ്വാസം വീണ്ടും ശക്തിപ്പെട്ടു. ജൂലൈ മാസം ആയപ്പോഴേക്കും അന്തരീക്ഷ താപനില 103 ഡിഗ്രി ഫാരൻഹീറ്റ് ആയി ഉയർന്നു. ഒപ്പം വിദേശ വിരുദ്ധ മുദ്രാവാക്യങ്ങളും പലയിടത്തും മുഴങ്ങി. വിദേശികളിൽ പലരും ചൈന വിട്ടു പോകാൻ തുടങ്ങി. പ്രശ്നങ്ങൾ രൂക്ഷമായാൽ രക്ഷപെടാനായി ടെയ്‌ലർ ദമ്പതികളും തങ്ങളുടെ ഭവനത്തോടു ചേർന്നുള്ള കനാലിൽ ഒരു ബോട്ട് കെട്ടിയിട്ടിരുന്നു. കയറിന്റെ ഒരറ്റം വീടിന്റെ ജനാലയിലും കെട്ടി. ഇതിന്റെയൊക്കെ മദ്ധ്യത്തിൽ ഹഡ്സന്റേയും മരിയയുടേയും ആദ്യത്തെ കൺമണി പിറന്നു. ഹഡ്സൻ മകൾക്കു ഗ്രേസി എന്നു പേരിട്ടു. തന്റെ മാതാപിതാക്കൾക്കു ഹഡ്സൻ എഴുതി: "ഞാൻ പ്രതീക്ഷിച്ചതുപോലെ എന്റെ പ്രിയപ്പെട്ട മരിയയുടെ ഒരു ചെറിയ പ്രതിരൂപം തന്നെ." കുഞ്ഞോമനയെ കളിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ അടുത്ത ദുഃഖകരമായ അനുഭവം!

അപ്രതീക്ഷിതമായി ഡോക്ടർ പാർക്കറുടെ ഭാര്യയ്ക്കു ഗുരുതരമായ രോഗം പിടിപെട്ടു പെട്ടെന്നു മരണമടഞ്ഞു. മറ്റു മിഷനറിമാർ പാർക്കർക്കു സാന്ത്വനം പകർന്നു കൂടെ നിന്നെങ്കിലും, തന്റെ നാലു ചെറിയ കുഞ്ഞുങ്ങളെ എങ്ങനെ വളർത്തുമെന്നറിയാതെ അദ്ദേഹം വിഷമിച്ചു. ഇതിനിടെ ഒരു കുട്ടിക്ക് അസുഖം ബാധിച്ചത് കാര്യങ്ങൾ കൂടുതൽ പ്രയാസകരമാക്കി. സ്വദേശമായ സ്കോട്ട്ലൻഡിലേക്കു മടങ്ങാൻ അദ്ദേഹം നിർബ്ബന്ധിതനായി. പക്ഷേ താൻ വളർത്തിയെടുത്ത ആശുപത്രി ആരെ ഏൽപിക്കും എന്ന ചിന്ത അദ്ദേഹത്തെ അലട്ടി. ഈ ചുമതല ഹഡ്സൻ ഏറ്റെടുക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. മൂന്നു ദിവസത്തേക്കു ഹഡ്സൻ മറുപടിയൊന്നും പറഞ്ഞില്ല. തുടർന്നു പ്രാർത്ഥനയിൽ ദൈവനിയോഗമാണെന്നു ബോധ്യമായപ്പോൾ ഹഡ്സൻ ആ ചുമതല ഏറ്റെടുത്തു.

ഒരു മാസത്തെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അതിനാൽ ആശുപത്രിയുടെ മുന്നോട്ടുള്ള പ്രവർത്തനം പ്രതിസന്ധിയിലായി. ഹഡ്സൻ ഉടനെ ആശുപത്രി ജീവനക്കാരുടെ ഒരു യോഗം വിളിച്ചു കൂട്ടി. കൈവശമുള്ള ഫണ്ട് ഈ മാസത്തോടെ തീരുമെന്നും തുടർന്നുള്ള ആവശ്യങ്ങൾക്കു ദൈവകൃപയിൽ മാത്രം ആശ്രയിക്കുമെന്നും പറഞ്ഞു. അതുകൊണ്ട് ക്രമമായി ശമ്പളം നൽകാൻ സാധിക്കുമോയെന്നു സംശയമാണെന്നും അറിയിച്ചു. തുടരാൻ താൽപര്യമില്ലാത്തവർക്കു വിട്ടുപോകുവാൻ സ്വാതന്ത്ര്യം കൊടുത്തു. ഭൂരിപക്ഷവും വിട്ടുപോയി. ഇപ്പോൾ ഫണ്ടുമില്ല, ആളുകളുമില്ല! കർത്താവിന് പ്രവർത്തിക്കുവാനുള്ള നാഴികയും വന്നു? ഈ സാഹചര്യം തന്റെ ബ്രിഡ്ജ് സ്ട്രീറ്റ് സഭയിൽ അറിയിച്ചപ്പോൾ യഥാർത്ഥ സേവന തല്പരരായവർ സന്തോഷത്തോടെ മുന്നോട്ടു വന്നു. അതിനു കാരണം

അവരുടെ ശുശ്രൂഷകനും ഗുരുവുമായ ഹഡ്സൻ തന്റെ സാമ്പത്തിക ആവശ്യങ്ങൾക്കു ദൈവമുഖത്തേക്കു നോക്കുന്നത്, 'അവൻ കേട്ടതും, സ്വന്ത കണ്ണുകൊണ്ടു കണ്ടതും, അവർ നോക്കിയതും കൈകൊണ്ട് തൊട്ടതും' (1 യോഹ. 1:1) ആയ യാഥാർത്ഥ്യമായിരുന്നു. ആശുപത്രിയുടെ പ്രവർത്തനത്തിന് ഒരു പുതിയ ഉണർവ്വും ഉൻമേഷവും കൈവന്നു! ഇതിൽ മരിയ വഹിച്ച പങ്ക് വളരെ ശ്രദ്ധേയമായിരുന്നു. കണക്കുകൾ എഴുതുക, കത്തുകൾക്കു മറുപടി എഴുതുക, ജോലിക്കാരെ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകൾ മരിയ ഭംഗിയായി നിർവ്വഹിച്ചു. അതുകൊണ്ട് ഹഡ്സൻ ചികിൽസയിലും സുവിശേഷഘോഷണത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. സാമ്പത്തിക ആവശ്യങ്ങൾ സ്വർഗ്ഗീയ പിതാവ് ഭംഗിയായി നിറവേറ്റിക്കൊടുത്തു. ആശുപത്രിയുടെ ചുമതല ഏറ്റെടുത്തത് ദൈവഹിതപ്രകാരമായിരുന്നല്ലോ എന്നോർത്ത് അവർ ദൈവത്തെ മഹത്വപ്പെടുത്തി. അനേകം രോഗികൾക്ക് അത്ഭുതകരമായ വിധത്തിൽ സൗഖ്യം ലഭിച്ചു. ജീവൻ രക്ഷിക്കാൻ വേണ്ടി വേണ്ടത്ര സൗകര്യങ്ങളില്ലാത്ത ആശുപത്രിയിൽ ഹഡ്സൻ ചെയ്ത ശസ്ത്രക്രിയകൾ പോലും (ഉദാ: കാല് മുറിക്കുന്നതുപോലെയുള്ള) വിജയിച്ചു. അനേകം ആത്മാക്കൾ രക്ഷയിലേക്കു വരുവാൻ ഈ ശുശ്രൂഷകൾ മുഖാന്തരമായി. ചൈനക്കാർ ആശ്ചര്യപ്പെട്ടു ചോദിച്ചു തുടങ്ങി: "നമ്മുടെ ദേവൻമാർ ആരെങ്കിലും ഇങ്ങനെ ചെയ്തിട്ടുണ്ടോ? നമ്മുടെ പ്രാർത്ഥന കേട്ടു നമ്മെ വിടുവിക്കാൻ വന്നിട്ടുണ്ടോ?'' അങ്ങനെ സുവിശേഷഘോഷണം ശക്തിപ്പെട്ടു. മറുവശത്തു കഠിനമായ അധ്വാനം ഹഡ്സൻ ടെയ്ലറുടെ ആരോഗ്യത്തെ ബാധിച്ചു. ആശുപത്രിയിൽ ദീർഘമണിക്കൂറുകൾ ഹഡ്സൻ ചെലവഴിച്ചിരുന്നു. രാത്രി 11 മണിക്കു വീട്ടിലെത്തിയാലും ഇടയ്ക്കു വീണ്ടും രോഗികളെ കാണുവാനായി പോകും. സുവിശേഷ ദൗത്യത്തിനായി വളരെ എരിവുണ്ടായിരുന്നുവെങ്കിലും ഹഡ്സൻ ശോകപ്രവണതയുള്ള സ്വഭാവക്കാരനായിരുന്നു. അതുകൊണ്ടു തന്നെ ചിലപ്പോൾ പ്രവർത്തനത്തിന് അടിമയായിപ്പോകും. ഉല്ലാസവതിയായ മരിയ, ഹഡ്സന്റെ മാനസിക നില പാകപ്പെടുത്തുന്നതിൽ നല്ല പങ്കു വഹിച്ചു. മിഷനറി കുടുംബത്തിൽ വളർത്തപ്പെട്ട മരിയ ഇടയക്ക് ഒഴിവു ദിനങ്ങൾ എടുക്കുവാൻ ഹഡ്സനെ ഉൽസാഹിപ്പിച്ചു. മെച്ചപ്പെട്ട വൈകരിക സ്ഥിരതയുള്ള മരിയ ഹഡ്സന്റെ എരിവിനെ തണുപ്പിക്കാതെ, മാനസികമായി പരിപോഷിപ്പിച്ചു എന്നതിൽ സംശയമില്ല. എല്ലാക്കാര്യങ്ങളും മരിയയോടു തുറന്നു സംസാരിക്കുന്ന ഹഡ്സൻ, പിൽക്കാലത്തു വലിയ മിഷനറി പ്രസ്ഥാനത്തിന്റെ തലവനായപ്പോഴേക്കും നല്ല മാനസിക പക്വതയും ശാന്തതയുമുള്ള ഒരാളായി മാറി.

ചൈനയിൽ തന്നെയുള്ള ഒരു വിശ്രമ കേന്ദ്രത്തിൽ പത്തു ദിവസത്തെ അവധിയെടുത്തു ഹഡ്സനും മരിയയും ചെലവഴിച്ചുവെങ്കിലും ഹഡ്സന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടില്ല. വേനൽക്കാലമായപ്പോഴേക്കും വീണ്ടും ആരോഗ്യം ക്ഷയിച്ചു. ഇങ്ങനെ തുടർന്നാൽ, അധികം താമസിയാതെ മരണം സംഭവിക്കും എന്നു തോന്നി. തനിക്കു ക്ഷയരോഗമാണോ എന്നദ്ദേഹം സംശയിച്ചു.

അവസാനം ശുശ്രൂഷയിൽ നിന്നും ഒരു ഇടവേള എടുത്തു സ്വദേശമായ ഇംഗ്ലണ്ടിലേക്കു പോകാൻ തീരുമാനിച്ചു. കപ്പൽ യാത്രയിൽ കുറച്ചു വിശ്രമവും ലഭിക്കുമല്ലോ. ഇടയ്ക്ക് അദ്ദേഹം വീട്ടിലേക്ക് എഴുതി: "നിങ്ങളെയെല്ലാം ഒരിക്കൽക്കൂടി കാണാൻ സാധിക്കുമോ എന്നതെനിക്കു സംശയമാണ്... ചിലപ്പോൾ ജീവിച്ചിരുന്നു ചൈനയിലെ ജനതയ്ക്കുവേണ്ടി കൂടുതൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ ആഗ്രഹം വരുന്നു. സ്വർഗ്ഗീയ പിതാവ് എല്ലാം നൻമയ്ക്കായി ചെയ്യും.'' ഇംഗ്ലണ്ടിലും സ്കോട്ട്ലണ്ടിലും അതിശക്തമായ ആത്മിക ഉണർവ്വ് അനുഭവപ്പെട്ട ഒരു കാലമായിരുന്നു അത്. ചൈനയിലെ വേലയ്ക്കായും അനേകർ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

ഈ സമയത്ത് ഇംഗ്ലണ്ടിൽ ചെന്നാൽ ചൈനയിലെ വേല കൂടുതൽ ഫലപ്രദമായി നടത്തുവാൻ മറ്റുള്ളവരെയും ഉത്സാഹിപ്പിക്കാം എന്നദ്ദേഹം ചിന്തിച്ചു. മനസ്സില്ലാ മനസ്സോടെ ആശുപത്രി പ്രവർത്തനം നിർത്തി. ചെറിയ ആട്ടിൻ കൂട്ടത്തിന്റെ (ബ്രിഡ്ജ് സ്ട്രീറ്റിലെ സഭ) ഉത്തരവാദിത്തം മിഷനറി ജോൺ ജോൺസിന് നൽകി. 1860 ഓഗസ്റ്റിൽ ഹഡ്സനും മരിയയും മകൾ ഗ്രേസിയും 'ജൂബിലി' എന്ന കപ്പലിൽ ഇംഗ്ലണ്ടിലേക്ക് യാത്ര തിരിച്ചു. ഹഡ്സൻ ചൈനയിൽ എത്തി, നീണ്ട ആറു വർഷങ്ങൾക്കു ശേഷം വീട്ടിലേക്ക് ആദ്യമായി പോകുന്നു. മരിയയേയും കുഞ്ഞിനേയും വീട്ടുകാരും നാട്ടുകാരും കണ്ടിട്ടേയില്ല. ചൈനയിലെ അവരുടെ ആദ്യത്തെ വിശ്വാസികളിൽ ഒരാളായ 'വാങ്ലിട്ജൻ' കുടുംബസ്ഥനായിരുന്നിട്ടും ത്യാഗമനസ്സോടെ ഹഡ്സനെ അനുഗമിച്ചു. അത് യാത്രയിൽ എത്രമാത്രം സഹായകരമായെന്നു പറഞ്ഞറിയിക്കാൻ വയ്യ! കാരണം 'ആഘോഷ'ത്തിന്റെ യാത്രയാകേണ്ട 'ജൂബിലി' കപ്പലിലെ യാത്ര ഒരു പേടിസ്വപ്നമായി മാറുകയാണുണ്ടായത്!

കപ്പലിന്റെ ക്യാപ്റ്റൻ ജോൺസിന്റെ സ്വഭാവം 2 തിമൊഥെയോസ് 4:14 -ൽ കാണുന്ന ചെമ്പുപണിക്കാരൻ അലെക്സന്തറിനെ നമ്മെ ഓർമ്മിപ്പിക്കും. പൗലൊസിന്റെ ഓർമ്മയിൽ തങ്ങി നിൽക്കത്തക്ക വിധം, ഈ അലെക്സന്തർ എന്തു ദോഷമാണോ കാട്ടിക്കൂട്ടിയതെന്നു നാം ചിന്തിച്ചേക്കാം. ഹഡ്സനും മറക്കാനാകാത്ത ഓർമ്മകൾ ഈ ക്യാപ്റ്റൻ നൽകി. യാത്രക്കാരായി ഹഡ്സനും കുടുംബവും ക്യാപ്റ്റന്റെ ഭാര്യയും മാനസിക ദൗർബല്യമുള്ള മറ്റൊരു സ്ത്രീയും കപ്പൽ ജോലിക്കാരും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇടയ്ക്കു ഭക്ഷ്യസാധനങ്ങളും മറ്റും വാങ്ങുവാനായി ഈസ്റ്റ് ഇൻഡീസിൽ കപ്പൽ നിർത്തി. മനസ്സാക്ഷി നിമിത്തം ക്യാപ്റ്റന്റെ കച്ചവടത്തിനും വിലപേശലിനും ഹഡ്സൻ കൂട്ടുനിന്നില്ല. അതോടെ തുടങ്ങി അവരുടെ മേലുള്ള ഉപദ്രവവും. അടുത്ത നാല് മാസം അവരുടെ യാത്ര ദുഷ്ക്കരമാക്കാൻ തന്നാൽ കഴിയുന്നതെല്ലാം ക്യാപ്റ്റൻ ചെയ്തു. യാത്ര തുടങ്ങിയതു മുതൽ ഹഡ്സന്റെ ആരോഗ്യം മെച്ചപ്പെട്ടെങ്കിലും മരിയയ്ക്കു കടൽച്ചൊരുക്ക് അനുഭവപ്പെട്ടു. തുടർച്ചയായ ഛർദ്ദിയും അതിസാരവും. മരിയയ്ക്കായി പ്രത്യേകം ലഘുവായ ഭക്ഷണം ചോദിച്ചിട്ടും ക്യാപ്റ്റൻ കൊടുത്തില്ല. ക്യാബിനിൽ വിളക്കോ, മെഴുകുതിരിയോ വയ്ക്കാൻ അനുവദിച്ചില്ല. പാവം ഹഡ്സൻ! പഴയ മാസികകൾ കീറി ചുരുട്ടി ഒരു

ടിന്നിലിട്ടു കത്തിച്ചാണ് കൂവപ്പൊടി കാച്ചി മരിയയ്ക്കു കൊടുത്തത്. എങ്ങനെയെങ്കിലും അവളുടെ ജീവൻ നിലനിർത്തണമല്ലോ. അടുത്ത തുറമുഖം എത്തുമ്പോൾ തങ്ങളെ ഇറക്കുവാൻ അപേക്ഷിച്ചെങ്കിലും ക്യാപ്റ്റൻ സമ്മതിച്ചില്ല. ദൈവത്തോട് നിലവിളിക്കയല്ലാതെ മറ്റൊന്നും ചെയ്യാനില്ലാത്ത അവസ്ഥ! ദൈവകൃപയാൽ ക്രമേണ മരിയ ആരോഗ്യം വീണ്ടെടുത്തു. ഈ സമയത്തു കുഞ്ഞിന്റെ പരിപാലനം വാങ്ലിട്ജൻ നിർവ്വഹിച്ചു. ക്യാപ്റ്റൻ അരിശം മൂക്കുമ്പോൾ ഭാര്യയേയും മാനസിക ദൗർബല്യമുള്ള മറ്റേ സ്ത്രീയേയും അടിക്കുന്നതും ഹഡ്സൻ ഓർക്കുന്നു. ചുരുക്കത്തിൽ ഹിറ്റ്ലറിന്റെ ചെറിയ പതിപ്പ്.

(*തുടരും*)

**(ബിനി ഷിബു)**

Form IV (See Rule 8)

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT JEEVAMOZHIKAL

| | | |
|---|---|---|
| 1. Place of Publication | : | KOTTAYAM |
| 2. Periodicity | : | MONTHLY |
| 3. Printer's Name | : | SUNNY VARGHESE |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 4. Publisher's Name | : | Sunny Varghese |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 5. Editor's Name | : | Geoji T. Samuel |
| Whether Citizen of India | : | Yes |
| Address | : | "Ardram"<br>C.A.C. Campus, Kumaranalloor P.O.<br>Kottayam - 16 |

6. Name address of the firm, who owns the News paper & holding more than one percent of the total capital.

Christian Fellowship Trust, Kottyam - 16

I, SUNNY VARGHESE hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

# "അഴിയാത്ത ജീവശക്തി എന്നിൽ ഒഴിയാതെ പാർക്കണം..."

"**ജഡസംബന്ധമായ** കല്പനയുടെ പ്രമാണത്താലല്ല, അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയിൽ ഉളവായ വേറേ ഒരു പുരോഹിതൻ മല്ക്കീസേദെക്കിനു സദൃശനായി ഉദിക്കുന്നു..."( എബ്രാ. 7:15).

യേശുവിനെ മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനാക്കിത്തീർത്തത് ജഡസംബന്ധമായ കല്പനയുടെ പ്രമാണമല്ല, പിന്നെയോ അഴിവില്ലാത്ത ജീവന്റെ ശക്തിയായിരുന്നു എന്നു മേലുദ്ധരിച്ച വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ലേവി ഗോത്രത്തിൽ നിന്നുള്ള ഉത്ഭവം, മാനുഷികവും ശാരീരികവുമായ യോഗ്യതകൾ തുടങ്ങിയവയാണ് ജഡസംബന്ധമായ കല്പനയുടെ പ്രമാണത്തിൽ ഉൾപ്പെട്ടിരിക്കുന്നത് (ലേവ്യ. 21:16-25). ഈ ശാരീരികവും മാനുഷികവുമായ ഘടകങ്ങൾക്കെതിരേ, ആത്മീയവും ദൈവികവുമായ യോഗ്യതകളാണ് യേശുവിനെ ദൈവത്തിന്റെ നിത്യമഹാപുരോഹിതനാക്കിത്തീർത്തത്. പ്രവചനം, രോഗശാന്തി, ഉപദേശം തുടങ്ങിയവയ്ക്ക് ശക്തി നല്കുന്ന ആത്മീയ വരങ്ങൾ കൊണ്ടുപോലും ഒരുവന് മല്ക്കീസേദേക്കിന്റെ ക്രമപ്രകാരമുള്ള ഇത്തരമൊരു പൗരോഹിത്യം പ്രാപിക്കുക സാധ്യമല്ലെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. 1 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള പരിശുദ്ധാത്മ വരങ്ങളിൽ അന്യഭാഷാവരമൊഴികെ ശേഷമുള്ളവയെല്ലാം തന്നെ പഴയ നിയമ കാലത്തെ വിശുദ്ധന്മാർക്കു സ്വായത്തമായിരുന്നു. അതിനാൽ പുതിയ നിയമവ്യവസ്ഥയനുസരിച്ചുള്ള രാജകീയ പൗരോഹിത്യത്തിന് ഈ വരങ്ങൾ ഒരുവനെ യോഗ്യനാക്കിത്തീർക്കുന്നില്ല എന്നതു സ്പഷ്ടം തന്നെ.

എന്നാൽ യേശുക്രിസ്തു പുതിയ നിയമ വ്യവസ്ഥ പ്രകാരം നമ്മുടെ മുന്നോടിയായി തിരശ്ശീലയ്ക്കപ്പുറത്തേക്ക്, അതിവിശുദ്ധ സ്ഥലത്തേക്കു തന്നെ, പ്രവേശിക്കുകയും മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കുമുള്ള മഹാപുരോഹിതനായിത്തീരുകയും ചെയ്തിരിക്കുന്നു (എബ്രാ. 6:19-20). അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയിലാണ് അവിടുത്തേക്ക് ഇതു സാധിച്ചത്. സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനെങ്കിലും ഒരിക്കൽപോലും പാപം ചെയ്യാതെ ആത്മീയ മരണത്തെ അതിജീവിച്ച ഒരു വിജയ ജീവിതമാണ് യേശുവിനുണ്ടായിരുന്നത് (എബ്രാ. 4:15). ഇതേ അടിസ്ഥാനത്തിലാണ് യേശുവിനെ പിന്തുടർന്ന് അതിവിശുദ്ധ സ്ഥലത്തേക്കു പ്രവേശിച്ചു പുതിയ നിയമവ്യവസ്ഥപ്രകാരമുള്ള രാജകീയ പുരോഹിത വർഗ്ഗമാകുവാൻ നമുക്കും കഴിവു ലഭിക്കുന്നത്.

ഗലാത്യർ 5:22, 23 വാക്യങ്ങളിൽ വിവരിച്ചിട്ടുള്ള ആത്മാവിന്റെ ഫല

**ഈ അഴിവില്ലാത്ത ജീവന്റെ ശക്തി യേശുവിൽ വ്യാപരിച്ചിരുന്നു. അതു നിമിത്തം സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയ വയിൽ നിന്നു കർത്താവിനെ അകറ്റിക്കളയുവാൻ യാതൊ ന്നിനും കഴിവുണ്ടായിരുന്നില്ല. അവിടുന്നു സകലത്തിലും തന്റെ സഹോദരന്മാരായ നമ്മോട് തുല്യനായിത്തീർന്നിരുന്നു**

ങ്ങൾ ക്രിസ്തുവിലുണ്ടായിരുന്ന അഴിവില്ലാത്ത ജീവന്റെ ശക്തിയെ പ്രായോഗിക തലത്തിൽ പ്രദർശിപ്പിക്കുന്ന വിശിഷ്ട ഗുണങ്ങളാണ്. ഇവയിൽ പങ്കാളികളായിത്തീരുവാൻ ദൈവം നമ്മെയും വിളിച്ചിരിക്കുന്നു.

ഉദാഹരണമായി സ്നേഹത്തെപ്പറ്റി തന്നെ ചിന്തിക്കുക. മാനുഷിക സ്നേഹവും ദൈവസ്നേഹവും തമ്മിൽ ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ളത്ര അന്തരമുണ്ട്. മാനുഷിക സ്നേഹം, അതിനു സ്നേഹം പകരം ലഭിക്കാതെ വരുമ്പോൾ അഥവാ വിദ്വേഷപൂർവ്വം എതിർക്കപ്പെടുമ്പോൾ, കുറഞ്ഞു കുറഞ്ഞ് ഇല്ലാതെയാകുന്നു. അതിനാൽ അതു നശ്വരമായ സ്നേഹമാണ്. എനിക്കു സ്നേഹം പകരം ലഭിക്കുമ്പോൾ മാത്രമേ ഒരാളെ സ്നേഹിപ്പാൻ എനിക്കു കഴിയുന്നുള്ളുവെങ്കിൽ ദൈവികവും അനശ്വരവുമായ സ്നേഹത്തിൽ ഞാൻ പങ്കാളിയായിത്തീർന്നിട്ടില്ല. പീഡയും ശോധനയും നേരിടുമ്പോൾ മാത്രമാണ് നമ്മുടെ സ്നേഹത്തിന്റെ ഗുണവൈശിഷ്ട്യം തെളിയിക്കപ്പെടുന്നത്. എതിർപ്പ്, വിദ്വേഷം, തിന്മ എന്നിവയെ അഭിമുഖീകരിക്കുവാൻ ദൈവം നമുക്ക് അവസരം നല്കുന്നു. അപ്പോൾ നമ്മുടെ സ്നേഹം കുറഞ്ഞു കുറഞ്ഞില്ലാതെയാകുന്നുവെങ്കിൽ നമുക്കുണ്ടായിരുന്നത് മാനുഷസ്നേഹം മാത്രമായിരുന്നുവെന്നു തീരുമാനിക്കാം. പലവിധ പരീക്ഷകളിലകപ്പെടുമ്പോൾ സന്തോഷിപ്പിൻ (യാക്കൊ. 1:2) എന്നു പറയുന്നതിന്റെ ഒരു കാരണമിതാണ്. ഈ പരീക്ഷകളിൽക്കൂടി കടന്നുപോകുമ്പോൾ നമുക്കുണ്ടായിരുന്നത് യഥാർത്ഥ സ്നേഹമോ അതോ കപടസ്നേഹമോ എന്നു കണ്ടെത്തുവാൻ സാധിക്കുന്നു. നമ്മുടെ കൈവശമുള്ളത് സാക്ഷാൽ സ്വർണ്ണമോ മറ്റൊരു വിലകുറഞ്ഞ ലോഹമോ എന്നു തിരിച്ചറിയുവാൻ തീ ഉപകരിക്കുന്നതുപോലെ നമ്മുടെ സ്വഭാവം ദൈവസ്വഭാവമോ അതോ മാനുഷികമായ നന്മ മാത്രമോ എന്നു തിരിച്ചറിയുവാൻ കഷ്ടതകളും പരീക്ഷകളും നമ്മെ സഹായിക്കുന്നു.

അഗ്നിശോധനകളിൽ നമ്മുടെ സ്നേഹം ഉരുകി ഇല്ലാതെയാകുന്നതു കാണുമ്പോൾ നാം സ്വയം വിനയപ്പെടുകയും നമ്മെ സംബന്ധിച്ച സത്യം അംഗീകരിക്കയും ദൈവസ്വഭാവത്തിനു വേണ്ടി, യേശുക്രിസ്തുവിലുള്ള അനശ്വര ജീവൻ നമ്മുടെ സ്വന്തമാകുവാൻ വേണ്ടി, നിലവിളിക്കുകയും ചെയ്യണം. അതിനാൽ ആളുകൾ നമ്മെ പീഡിപ്പിക്കുമ്പോൾ, നമ്മുടെ അവകാശങ്ങളെ നിഷേധിക്കുകയും നമ്മുടെമേൽ വ്യാജമായി കുറ്റമാരോപിക്കുകയും ചെയ്യുമ്പോൾ, നമുക്കു ദൈവത്തെ സ്തുതിക്കാം. കാരണം, നമ്മുടെ യഥാർത്ഥ നിലയെന്തെന്നറിയുവാനുള്ള ഒരവസരം നമുക്കു നല്കുകയാണ് അവർ ചെയ്യുന്നത്.

അഴിഞ്ഞു പോകാത്ത ആ സ്നേഹത്തിനു വേണ്ടി നാം വാഞ്ഛിക്കണം. അതു നമുക്കു ലഭിച്ചു കഴിഞ്ഞാൽ പിന്നീട് ആർക്കും നമ്മെ സ്നേഹത്തിൽ നിന്നകറ്റുവാൻ ഒരിക്കലും കഴിവില്ലാതെയാകും. മറ്റുള്ളവർ എന്തു ചെയ്താലും എന്തു ചെയ്തില്ലെങ്കിലും നാം സ്നേഹത്തിൽ തന്നെ ഉറച്ചു നില്ക്കും. ഇതാണ് മാറ്റമില്ലാത്ത, അനശ്വരമായ ദൈവസ്നേഹം. ഈ സ്നേഹത്തിൽ നാം പങ്കാളികളാകുമ്പോഴാണ് മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുതിയനിയമ പൗരോഹിത്യത്തിലേക്കു നാം പ്രവേശിക്കുന്നത്.

സന്തോഷത്തിന്റെ കാര്യവും ഇതുപോലെ തന്നെ. അതും ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ്. മാനുഷികമായി ഒരു സന്തോഷമുണ്ട്; അതു വിലകുറഞ്ഞ ഒരനുകരണമാണ്. പല സഭകളിലും ഗായകസംഘത്തിന്റെ മുന്നണിയിൽ നില്ക്കുന്ന നേതാവ് പാട്ടിനു നേതൃത്വം നൽകുമ്പോൾ മാധുര്യം നിറഞ്ഞ ഒരു പുഞ്ചിരിയോടെ നില്ക്കുവാൻ നിഷ്കർഷിക്കാറുണ്ട്. ഇതു കേവലം മാനുഷികമായ ഒരു ഭാവമാണ്. തന്റെ മുഖത്ത് ഒരു നിത്യമന്ദസ്മിതവുമായി യേശുക്രിസ്തു ഒരിക്കലും സഞ്ചരിച്ചിരുന്നില്ല, അവിടുന്ന് ദുഃഖം ശീലച്ച ഒരുവനായിരുന്നു; എങ്കിലും ഒന്നിനും നീക്കിക്കളയുവാൻ കഴിയാത്ത ആഴമായ ഒരു സന്തോഷം കർത്താവിനുണ്ടായിരുന്നു. ഈ സന്തോഷം അവിടുന്നു നമുക്കും വാഗ്ദാനം ചെയ്യുന്നു. അതു നമ്മിൽ നിന്നെടുത്തു കളയുവാൻ ആർക്കും കഴിയുകയില്ല (യോഹ. 16:22). നമ്മുടെ സന്തോഷം ഏതെങ്കിലും ഒരു ചെറിയ സംഭവം മൂലം അപ്രത്യക്ഷമാകുക എന്നത് പലപ്പോഴു പതിവുള്ള ഒരു കാര്യമല്ലേ? ഒരു വേലക്കാരനോ ചെറിയ കുട്ടിയോ വിലപ്പെട്ട എന്തെങ്കിലും ഒരു ചെറിയ സാധനവുമായി അപ്രത്യക്ഷമാകുക എന്നത് പലപ്പോഴും പതിവുള്ള ഒരു കാര്യമല്ലേ? അല്ലെങ്കിൽ ഒരു വേലക്കാരനോ ചെറിയ കുട്ടിയോ വിലപ്പെട്ട എന്തെങ്കിലും വീട്ടുപകരണം ഉടച്ചു കളയുന്നു. യാത്രയ്ക്കിടയിൽ ഒരു പോക്കറ്റടിക്കാരൻ നമ്മുടെ പേഴ്സ് മോഷ്ടിക്കുന്നു. ചിലപ്പോൾ നാം കബളിപ്പിക്കപ്പെടുന്നു. ഒരുപക്ഷേ നാം പ്രതീക്ഷിച്ചിരുന്ന ഉദ്യോഗക്കയറ്റം നമുക്കു കിട്ടാതെ വരുന്നു. അതുമല്ലെങ്കിൽ നാം പ്രതീക്ഷിച്ചിരുന്ന വിധത്തിൽ ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാതിരിക്കുന്നു. ഇതോ ഇതുപോലെയുള്ള ഏതെങ്കിലുമൊരു കാര്യമോ നമ്മുടെ സന്തോഷം എടുത്തു കളയുന്നുവെങ്കിൽ, നമുക്കുണ്ടായിരുന്ന സന്തോഷം അഴിവില്ലാത്ത ദിവ്യസന്തോഷമായിരുന്നില്ല എന്ന കാര്യം തീർച്ച തന്നെ. അതു വിലകുറഞ്ഞ ഒരനുകരണം- മാനുഷിക സന്തോഷം- മാത്രമായിരുന്നു. അങ്ങനെയെങ്കിൽ പ്രസംഗ പീഠത്തിൽ നിന്നു സുന്ദരമായ മന്ദഹാസം പൊഴിക്കുകയോ ഗാനത്തിനു നേതൃത്വം നൽകുമ്പോൾ പുഞ്ചിരി തൂകുകയോ ചെയ്യുന്നതുകൊണ്ട് ഒരു ഫലവുമില്ല. അതെല്ലാം കപടനാട്യം മാത്രമാണ്. നാം സ്വർണ്ണമെന്നു കരുതിയ വസ്തു വെറും കീടമായിരുന്നുവല്ലോ എന്നോർത്തു നാം വിലപിക്കുകയും ദൈവത്തിനു മാത്രം നൽകാൻ കഴിയുന്ന യഥാർത്ഥ സന്തോഷത്തിനു വേണ്ടി നാം ദാഹിക്കുകയും ചെയ്യണം. “തീയിൽ ഊതിക്കഴിച്ച പൊന്ന് എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു”

(വെളി. 3:18) എന്നിങ്ങനെയാണ് കർത്താവ് നമ്മോടരുളിച്ചെയ്യുന്നത്. ഒരു മനുഷ്യനും ഒരു സാഹചര്യത്തിനും എടുത്തു കളയുവാൻ സാധിക്കാത്ത സന്തോഷം നമ്മിൽ ഉണ്ടാകുമ്പോൾ എപ്പോഴും സന്തോഷിപ്പാൻ നമുക്കു കഴിയും. അപ്പോൾ മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുതിയനിയമ പൗരോഹിത്യത്തിലേക്കു നാം പ്രവേശിക്കയും ചെയ്യും.

സമാധാനവും ഇപ്രകാരം തന്നെ ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ്. അതിനും വിലകുറഞ്ഞ മാനുഷികമായ അതിന്റെ അനുകരണമുണ്ട്. എന്നാൽ യേശു നൽകുന്ന സമാധാനമാകട്ടെ, അതിരൂക്ഷമായ കൊടുങ്കാറ്റുകളിൽ പോലും മാറ്റമില്ലാതെ നിലകൊള്ളുന്ന ആന്തരികമായ ഒരു വിശിഷ്ട ഗുണമാണ്. എല്ലാ ഉൽകണ്ഠയിലും നിന്നുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യമാണത് (ഫിലി. 4:6,7) എല്ലാ ഭയത്തിൽ നിന്നും മാനസിക സംഘർഷത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ ഒരവസ്ഥ തന്നെ. അനശ്വര ജീവന്റെ ഒരു ഭാഗമാണത്. ഈ സമാധാനം നമുക്കുണ്ടോ ഇല്ലയോ എന്നു ശോധന ചെയ്യുവാൻ പീഡനങ്ങളും പരീക്ഷകളും നമുക്ക് അവസരം നൽകുന്നു.

ഈ അഴിവില്ലാത്ത ജീവന്റെ ശക്തി യേശുവിൽ വ്യാപരിച്ചിരുന്നു. അതു നിമിത്തം സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവയിൽ നിന്നു കർത്താവിനെ അകറ്റിക്കളയുവാൻ യാതൊന്നിനും കഴിവുണ്ടായിരുന്നില്ല. അവിടുന്നു സകലത്തിലും തന്റെ സഹോദരന്മാരായ നമ്മോട് തുല്യനായിത്തീർന്നിരുന്നു (എബ്രാ. 2;17). സകലത്തിലും നമുക്കു തുല്യമായി അവിടുന്നു പരീക്ഷിക്കപ്പെട്ടു (എബ്രാ. 4;15). അങ്ങനെ കഷ്ടതകളാലും ശോധനകളാലും കുറ്റമറ്റവനെന്നു തെളിയിക്കപ്പെട്ട കർത്താവ് മല്ക്കീസെദെക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു മഹാപുരോഹിതനെന്നു പിതാവു പ്രഖ്യാപിച്ചു (സങ്കീ. 110:4, എബ്രാ. 5:9–10). പിതാവിന്റെ അംഗീകാരമാണ് ഈ കാര്യത്തിൽ സർവ്വപ്രധാനം. അവിടുന്നു മാത്രമാണ് പുതിയ നിയമവ്യവസ്ഥയിൽ പുരോഹിതന്മാരെ നിയമിക്കുന്നത്. ഒരു മനുഷ്യനും ആ സ്ഥാനം സ്വതേ എടുക്കുവാൻ സാധ്യമല്ല (എബ്രാ. 5:4).

കർത്താവായ യേശുക്രിസ്തു തന്റെ ദൈവഭയം നിമിത്തം ഓരോ പരീക്ഷയിലും വിജയം പ്രാപിച്ചു. പിതാവിനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടി നിലവിളിച്ചതു മൂലം അവിടുന്ന് ആത്മീയമായ മരണത്തിൽ നിന്നു വിടുവിക്കപ്പെട്ടു (എബ്രാ. 5:7). ഒരു മനുഷ്യനെന്ന നിലയിലുള്ള തന്റെ ശക്തിയിൽ കർത്താവ് ഒരിക്കലും വിശ്വാസമർപ്പിക്കാതിരുന്നതു നിമിത്തം ഒരിക്കൽപ്പോലും പാപം ചെയ്യാതെ ജീവിപ്പാൻ കർത്താവിനു കഴിഞ്ഞു. പിതാവിങ്കൽ മാത്രം അവിടുന്നു സമ്പൂർണ്ണമായി ആശ്രയം വച്ചു. അവിടുന്നു വിശ്വാസത്താൽ ജീവിച്ചു. അങ്ങനെ സമൃദ്ധിയായ ആത്മശക്തി അവിടുന്നു പ്രാപിച്ചു. അതുമൂലം അഗ്നി പരീക്ഷണങ്ങളുടെയെല്ലാം മധ്യത്തിൽ സ്നേഹം, സന്തോഷം, സമാധാനം എന്നിവയിൽ, അഴിവില്ലാത്ത ജീവന്റെ ശക്തിയിൽ തന്നെ, ഉറച്ചു നില്ക്കുവാൻ കർത്താവിനു കഴിഞ്ഞു. യേശുവിന്റെ വഴി പിന്തുടർന്ന് ഇപ്പോൾ ജീവന്റെ ഈ പുതുവഴിയിൽ കൂടി നമുക്കു അതിവിശുദ്ധ സ്ഥലത്തേക്ക്, ദൈവസന്നിധിയിലേക്കു തന്നെ, പ്രവേശിക്കാം.

(അവലംബം:**'ഹിഡൻട്രെഷേഴ്സ്'**)

# GENUINE REVIVAL FROM GOD

## Sandeep Poonen

There is a perpetual talk of revival among Christian circles. And we hear of all kinds of stories of revival from times past, all the way back from the Day of Pentecost. But we make a mistake by trying to copycat past revivals. Any legitimate revival among people requires the Holy Spirit. And He simply cannot be bottled into programs, paradigms, and past outpourings.

What we can rely on however, are the promises in God's Word. Even events that we read about in the Bible might have been unique to that time or for a particular need. God does not guarantee an exact repeat of events in the Bible. The God who saved Daniel from the lions in the Old Testament did not save the Christians from the lions in the Coliseum. But what God does guarantee for us are His promises. The PROMISES of God are a resounding "Yes" for those who are in Jesus Christ, and who say with faith, "Amen; it will be so!" (2 Corinthians 1:20).

So what is the promise of God as it relates to a revival. Here's one clear verse about revival:

*Isaiah 57:15 - For thus says the high and exalted One Who lives forever, whose name is Holy,*

*"I dwell on a high and holy place, and also with the contrite and lowly of spirit; in order to revive the spirit of the lowly and to revive the heart of the contrite."*

Here, we are promised a revival where God clearly does the reviving. So I better pay attention to what is written here. And I can also place great confidence in what He says here.

### WHERE GOD CHOOSES TO DWELL

The first part of this verse makes an incredible statement about where God lives. God can dwell wherever He wants to dwell – He is God after all. And it's probably easy for us to imagine God dwelling in a high and holy place up in heaven. That's where we would imagine God would dwell. But if we were honest, it is hard for our minds to picture Almighty God intentionally LIVING (making His home) with those who are contrite and lowly of spirit. Maybe God would visit them and be good to them; but dwelling in them more than that talented and the gifted and the prosperous and well-mannered? That's not immediately how we probably think.

Being lowly and contrite of spirit are definitely not enviable characteristics in the world. But I'd dare say that they are not enviable even among most Christians. Yet the Lord is clear about His deep fondness for the lowly and contrite elsewhere as well (Isaiah 66:1-2; Matthew 5:3).

So this is something that we must pay close attention to. We must recognize that there is something inside of us that generally despises the lowly and contrite in spirit, whereas God meanwhile thinks very highly of them (Isaiah 55:9). And we are wise if we renew our minds to God's point of view.

### Lowly:

The lowly are those who are lower than others, and who are willing be the lowest. So to be lowly is to long to be under subjection.

There are many people who claim to have a longing for revival. But they're not eager to be under subjection to godly leaders (Hebrews 13:17). Many who want revival really just want to witness miracles and experience the supernatural. They quote the stories of God moving in Acts and thereby justify their desire for revival through supernatural feats. But they

don't thoroughly embrace submission. They don't seem to find anybody who is more spiritual than they are – so they don't really submit to anyone. Such people could go to all the prayer meetings in the world, but God will not dwell with such people, and God will be unable to bring revival to them.

### Contrite:

The contrite are those who are crushed. Now what does it mean for something to be crushed? I see this as no longer having any hardness or any resistance. Those who are crushed are those who no longer have any resistance or hardness towards God.

Now, we might think that we don't have any resistance to God. But consider Job. He was a righteous and blameless man. And even when he lost his possessions and his children, he remained blameless. But Job was still not truly crushed. And we see his resistance and hardness to God when his body was covered with boils. Then we see several chapters of his resistance and hardness towards God. And Job's trial was complete only when Job saw God in a brand new way, that it crushed him and caused him to "repent in dust and ashes" (Job 42:6).

Now remember, the devil was the one who inflicted Job with the boils. God was able to use the evil works of the devil to show Job his hidden hardness of heart. Job was so contrite that even when God sent his so-called righteous friends to him for prayer, Job prayed and interceded for them. He didn't hold on to any bitterness for all the ways they castigated him when he was suffering. He was crushed that he didn't resist any of God's instructions.

### REVIVAL FROM GOD

The revival of God is very different from what we might have in our minds about revival. I hear a lot of stories about how revival comes when people pray and seek the heart of God. I believe that revival is a result of people genuinely seeking God. But the inference from that is not that we can program revival by constantly having prayer meetings. Not all prayer meetings result in revival; only prayer meetings of the lowly and contrite in heart will result in revival. One could attend all the prayer meetings in the world, and led by the most holy men in the world, but still never becoming lowly and contrite of spirit. Such people are not ready to be revived by God. Such people might be pumped up and inspired to even change habits and live differently. But the revival that God brings is reserved for those who are lowly and contrite of spirit.

Isaiah 57:15 tells me that God not only dwells among those who are lowly and contrite, but that He seeks to revive such people.

Think about Adam and Eve. They were beautifully formed creations of God. But they needed to be revived. And God did just that by breathing into them His very own breath. Similarly, the lowly and contrite of spirit are beautiful to God, but they are weak and useless to God until He revives them. So we who seek to be lowly and contrite must recognize that the end state is a revival from God – where His Holy Spirit breathes the life of God into us.

So as we can see, true revival goes far beyond all of our emotions and feelings. And true revival initiated by God goes way beyond all of our thoughts of revival. It even goes beyond all our long prayer meetings and our loud proclamations of deep longing for revival. God looks way beyond our emotions and our thoughts, down to the deepest intentions of our heart!

Let us not be discouraged because we don't see revival by feats of miracles and healings. How can any of such things compare to the miracle of God dwelling with us and having a personal revival by God himself? Let us rest and grow strong in faith on the promise of God: He is looking for people who genuinely long to submit and take the low place, and no longer resist to God but fully accept all of His workings in their lives. To such people, God GUARANTEES revival, by the authority of His Word. ■

4-ാം പേജിൽ നിന്ന് തുടർച്ച

# സഭയുടെ പണിയിലെ ...

അവ യഥാക്രമം ദൈവത്തോടുള്ള സ്നേഹം, അവനവനോടുള്ള സ്നേഹം, കൂട്ടുകാരനോട് (സഹോദരനോട്) ഉള്ള സ്നേഹം എന്നിവയാണ്. ഇവയെ രണ്ടു കല്പനകളിലേക്ക് ഒതുക്കിയിരിക്കുന്നു. ദൈവത്തോടുള്ള സ്നേഹം ഒന്നാമത്തെ കല്പന. അവനവനോടും കൂട്ടുകാരനോടുമുള്ള സ്നേഹം രണ്ടാമത്തെ കല്പന.

ഇതിൽ ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചു പരാമർശിക്കുന്ന ഒന്നാമത്തെ കല്പന 'വലിയ കല്പന' ('the great and first') എന്നു വിളിച്ചിരിക്കുന്നു. മാത്രമല്ല പൂർണഹൃദയം, പൂർണാത്മാവ്, പൂർണ മനസ്സ് എന്നു പറഞ്ഞു ദൈവമായ കർത്താവിനോടുള്ള സ്നേഹത്തിനു കൂടുതൽ ഊന്നൽ നൽകിയിട്ടുമുണ്ട്.

രണ്ടാമത്തെ കല്പനയിലാണ് അവനവനോടുള്ള സ്നേഹത്തെയും കൂട്ടുകാരനോടുള്ള സ്നേഹത്തെയും സംക്ഷേപിച്ചിരിക്കുന്നത്. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നു പറയുമ്പോൾ നാം ഒന്നാമതു നമ്മെ സ്നേഹിക്കണം, രണ്ടാമത് അത്രത്തോളം കൂട്ടുകാരനയും സ്നേഹിക്കണം എന്നാണല്ലോ അർഥം.

ഇതിൽ 'നാം നമ്മെ സ്നേഹിക്കണം' എന്നു പറയുമ്പോൾ അതു സുവിശേഷത്തിന്റെ അന്തസ്സത്തയുമായി ചേർന്നു പോകുന്നില്ലല്ലോ എന്നു നാം ചിന്തിച്ചേക്കാം. ('സ്വന്തജീവനെ സ്നേഹിക്കാനല്ല പകയ്ക്കാനാണല്ലോ' യേശു പറഞ്ഞത് - ലൂക്കൊ. 14:26). അതുപോലെ നാം നമ്മെ സ്നേഹിക്കണം എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ, ആദാമ്യ വംശത്തിലുള്ളവരെല്ലാം തങ്ങളെത്തന്നെ സ്നേഹിക്കുന്നവരാണല്ലോ എന്നും നാം കരുതിയേക്കാം. എന്നാൽ രണ്ടാമത്തെ കല്പനയെ ഒന്നാമത്തെ കല്പനയുടെ അടിത്തറയിൽ നിന്നുകൊണ്ടു മനസ്സിലാക്കുമ്പോൾ ഈ തെറ്റിദ്ധാരണ മാറിപ്പോകും. ഒന്നാമത്തെ കല്പന- ദൈവത്തോടുള്ള സ്നേഹം - ഏറ്റവും പ്രധാനവും ഒന്നാമത്തേതുമാണ്. അതുകൊണ്ടു തന്ന രണ്ടാമത്തെ കല്പന - നമ്മോടു തന്നെയുള്ള സ്നേഹ വും കൂട്ടുകാരനോടുള്ള സ്നേഹ വും- ഒന്നാമത്തെ കല്പനയ്ക്കു വിധേയവും അതിനാൽ നിയന്ത്രിക്കപ്പെടുന്നതും ആയിരിക്കണം. ദൈവത്തെ പൂർണഹൃദയത്തോടെ, പൂർണ ആത്മാവോടെ, പൂർണ്ണ മനസ്സോടെ സ്നേഹിക്കുക എന്ന കല്പനയ്ക്കു വിധേയമായി മാത്രമേ നാം നമ്മെയും മറ്റുള്ളവരെയും സ്നേഹിക്കാവൂ എന്നു സാരം. ദൈവത്തിന്റെ വിശുദ്ധി, നമ്മുടെ വിശുദ്ധിക്കു വേണ്ടിയുള്ള ദൈവത്തിന്റെ ആഗ്രഹം, ദൈവവചനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന നമ്മെ സംബന്ധിച്ച ദൈവഹിതം എന്നിവയിൽ വിട്ടുവീഴ്ച ചെയ്തു നാം നമ്മെയോ മറ്റുള്ളവരെയോ സ്നേഹിക്കാൻ പാടില്ല. ചുരുക്കത്തിൽ ഒന്നാമത്തെ കല്പനയാൽ നിയന്ത്രിക്കപ്പെട്ടും ഭരിക്കപ്പെട്ടും മാത്രമേ രണ്ടാമത്തെ കല്പന ഉപയോഗിക്കാവൂ.

തുടക്കത്തിൽ നാം പറഞ്ഞ കളയോടു ചേർത്തു ചിന്തിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും: 'നിങ്ങളിലൊരാൾ ഈ കാലഘട്ടത്തിലെ വിശുദ്ധനായി മാറും' എന്നു സഞ്ചാരി പറഞ്ഞപ്പോൾ അവരോരുത്തരും അങ്ങനെയായി മാറാൻ ആഗ്രഹിച്ചു. അവർ അതിനെ 'സ്നേഹിച്ചു.' അതുകൊണ്ടാണല്ലോ ആ വിശുദ്ധനെക്കുറിച്ചുള്ള സങ്കല്പത്തിനനുസരിച്ചു മെച്ചപ്പെടാനായി അവർ തങ്ങളെ തന്നെ നവീകരിച്ചത്. തങ്ങളെ അങ്ങനെയൊരു വിശുദ്ധനാകനാണു ദൈവം വിളിച്ചിരിക്കുന്നത് എന്ന 'സത്യത്തെ സ്നേഹിച്ചു രക്ഷിക്കപ്പെടുകയാണ്' (receive the love of the truth so as to be saved -2 തെസ്സ. 2:10) അവർ വാസ്തവത്തിൽ ചെയ്തത്.

ഞാൻ എന്നെ സ്നേഹിക്കണമെന്നു പറയുമ്പോൾ ഇപ്പോഴത്തെ പരാജയപ്പെട്ട, പിണങ്ങുന്ന, ലോകത്തെ സ്നേഹിക്കുന്ന, സ്വാർഥനും നിഗളിയുമായ പച്ച മനുഷ്യനായ എന്നെ സ്നേഹിക്കണമെന്നല്ല ഉദ്ദേശിച്ചിരിക്കുന്നത്. മറിച്ചു ദൈവം എന്നെ ആക്കി

ത്തീർക്കാനാഗ്രഹിക്കുന്ന ആ 'വിശുദ്ധനായ എന്നെ'യാണു ഞാൻ സ്നേഹിക്കേണ്ടത്. വിവിധ മുഖാന്തരങ്ങളിലൂടെ ദൈവത്തിന്റെ ആഗ്രഹപ്രകാരമുള്ള ഒരു വിശുദ്ധനായി എന്നെ ദൈവം വാർത്തെടുക്കുകയാണ് എന്ന സത്യത്തെ ഞാൻ കണ്ട് അതിനെ സ്നേഹിച്ചു ദിനന്തോറും രക്ഷിക്കപ്പെടുകയാണു ഞാൻ വേണ്ടത്. ആ 'മാതൃകാ ഞാൻ' (Ideal me) എന്ന ലക്ഷ്യത്ത സ്നേഹിച്ചാൽ മാത്രമേ എനിക്ക് എന്നെ ആ ലക്ഷ്യത്തിലേക്കു നവീകരിക്കുവാൻ കഴിയൂ. ദൈവത്തെ പൂർണ ഹൃദയത്തോടെ, ആത്മാവോടെ, മനസ്സോടെ സ്നേഹിക്കുക എന്ന ആദ്യ കല്പനയുടെ ഭാഗമായി എന്റെ വിശുദ്ധി സംബന്ധിച്ച ദൈവത്തിന്റെ ആഗ്രഹം, എന്നെ സംബന്ധിച്ച ദൈവഹിതം എന്നിവയുടെ നാലതിരുകൾക്കുള്ളിൽ നിന്നാണു 'ഞാൻ എന്നെ സ്നേഹിക്കുന്നത്!'- ഇതൊരു ജഡികസ്നേഹമല്ല. എന്റെ നിത്യതയെയാണു ഞാൻ സ്നേഹിക്കുന്നത്.

ഇങ്ങനെ നാം നമ്മെ സ്നേഹിക്കുന്നതുപോലെ കൂട്ടുകാരനെ (സഹോദരനെ) സ്നേഹിക്കാൻ രണ്ടാമത്തെ കല്പന തുടർന്നു പറയുമ്പോൾ നാം അവരെയും നിത്യതയുടെ വെളിച്ചത്തിലാണു സ്നേഹിക്കേണ്ടത്. അല്ലാതെ അവരുടെ ജഡത്തെയല്ല സ്നേഹിക്കേണ്ടത്. അവരുടെ സ്വയത്തെ താലോലിക്കുകയോ ജഡത്തിലുള്ള കൂട്ടായ്മ അവർക്കു നൽകുകയോ അല്ല വേണ്ടത്. ദൈവത്തിന് അവരെക്കുറിച്ചുള്ള ഇഷ്ടം നിറവേറുന്നതിനെയാണു നാം ലക്ഷ്യം വയ്ക്കേണ്ടത്. അപ്പോൾ പൂർണഹൃദയത്തോടെ, ആത്മാവോടെ, മനസ്സോടെ ദൈവത്തെ സ്നേഹിക്കുക എന്ന ഒന്നാം കല്പനയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു നമുക്കു രണ്ടാം കല്പന മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം പ്രാവർത്തികമാക്കുവാൻ കഴിയും.

ഒന്നാം കല്പനയുടെ അതിരിനുള്ളിൽ നിന്നുകൊണ്ടു മാത്രം നാം നമ്മെ സ്നേഹിക്കുകയും സഹോദരന്മാരെ സ്നേഹിക്കുകയും ചെയ്യാൻ ശ്രമിക്കുമ്പോൾ ദൈവേഷ്ടം നിറവേറാനായി സ്വന്ത ഇഷ്ടത്തെ താഴ്ത്തി വയ്ക്കുകയാണ്. നമ്മുടെ ഇഷ്ടത്തെ മരണത്തിന് ഏല്പിക്കുകയാണ്. അങ്ങനെ നാം ക്രൂശിനെ അറിയുകയാണ്. ഈ ക്രൂശിന്റെ വഴിയിൽ മാത്രമേ വിശ്വാസികൾക്ക് ഒന്നായിത്തീർന്നു യഥാർത്ഥത്തിലുള്ള ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ പണിയുവാൻ സാധ്യമാകുകയുള്ളു. യേശു നമുക്കു തുല്യമായി ഒരു ജഡത്തിൽ വന്നു സ്വന്ത ഇഷ്ടത്തെ മരണത്തിന് ഏല്പിച്ചു. ദൈവഭക്തിയുടെ ഈ 'വലിയ മർമ്മം' ഉൾക്കൊണ്ടവർക്കു മാത്രമേ ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന 'വലിയ മർമ്മം' മനസ്സിലാക്കി ക്രൂശിന്റെ വഴിയിൽ യഥാർത്ഥ സഭ പണിയുവാൻ കഴിയുകയുള്ളു (1 തിമൊ. 3:16ഉം എഫെ. 5:32ഉം താരതമ്യം ചെയ്യുക). ഈ ബോധ്യമില്ലാത്തുകൊണ്ടാണ് സഭകൾ എന്ന് അവകാശപ്പെടുന്ന പലതും ഇന്നു വെറും സംഘടനകളായി മാറിയിരിക്കുന്നത്. അവിടെ അവർ തങ്ങളുടെ തന്നെ സ്വയത്തെ സ്നേഹിക്കുന്നു. തങ്ങളെ പച്ചയായി സ്നേഹിക്കുന്നതുപോലെ അവർ കൂട്ടുസഹോദരന്മാരുടെ സ്വയത്തെയും സ്നേഹിക്കുകയും അന്യോന്യം ചക്കരവാക്കും മുഖസ്തുതിയും പറയുകയും ചെയ്യുന്നു. ഫലം അവരുടെ കൂട്ടായ്മ വെളിച്ചത്തിലുള്ളതല്ല ഇരുളിലുള്ള കൂട്ടായ്മയായി മാറിയിരിക്കുന്നു. സഭയ്ക്കു പകരം സംഘടനയും ക്ലബ്ബും പണിയപ്പെടുന്നു!

ഉവ്വ്, സ്നേഹിത്തിലാണു സഭ പണിയുന്നത് (എഫെ. 3:17 - 19). പക്ഷേ ആ പണിക്ക് ആവശ്യമായ ദൈവത്തോടും നമ്മോടും സഹോദരന്മാരോടുമുള്ള ത്രിവിധമായ സ്നേഹത്തെ നാം വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ടോ? ഈ പണിയിൽ ക്രൂശിന്റെ പ്രസക്തി നാം തിരിച്ചറിയുന്നുണ്ടോ? ഇല്ലെങ്കിൽ 'ക്രിസ്തുവിന്റെ ശരീര'ത്തിനു പകരം ഒരു സംഘടനയായിരിക്കും നാം പണിയുക- അതാണു ബാബിലോൺ. 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.'

# JUDGEMENTALISM

Paul Billheimer

Unjust and unloving criticism of others has been called the 'peculiar sin of the saints'. In fact, it is the most glaring vice of 'holy people'. Many who are most emphatic in condemning the doctrine of a 'sinning Christianity' are often most guilty of violating Christ's unequivocal command, 'judge not' (Matt 7:1). This violation is sin.

Increasing judgementalism is actually a sign of decreasing grace. It implies that we do not believe that God is capable of correcting His children Himself. In other words, we are trying to do God's job for Him. The average critical saint has more confidence in criticism than Prayer, to remedy a situation.

A man cannot become judgmental without elevating himself and self elevation is the characteristics of Lucifer. The essence of our fallen condition is self exaltation, the determination to be first. Therefore the willingness to humble oneself and to be last instead of first, is a greater miracle than even walking on water.

A clear indication that judgementalism is always wrong is that it always, without exception, dims one's relationship with God and interfers with one's prayer life. One cannot pray effectively for others while he is judging and condemning them. Someday we will discover that pride of opinion is a greater sin than a supposedly incorrect doctrine over which we have broken fellowship with another.

Therefore do not fall into Satan's trap of judgementalism. But rather choose God's way the way of agape love that covers. Love never fails.

**JEEVAMOZHIKAL** **RNI/KERBIL/-2003/21404** **Regn.No. KL/KTM/46/2015-17**
**March 2016** www. jeevamozhikal.org Date of Publication 28-02-2016
Annual Subscription Rs.100/-

# എല്ലാം നന്മയ്ക്ക്?

എന്തു സംഭവിച്ചാലും 'എല്ലാം നന്മയ്ക്ക്' എന്നു പറയുന്നതായിരുന്നു മന്ത്രിയുടെ സ്വഭാവം. ഒരിക്കൽ ഒരു ചെറിയ അപകടത്തിൽ രാജാവിന് ഇടതു കൈയിലെ കുഞ്ഞുവിരൽ നഷ്ടമായി. മന്ത്രി പതിവുപോലെ ഇതു സംബന്ധിച്ചും തന്റെ അഭിപ്രായം പറഞ്ഞു: 'രാജാവിനു വിരലു നഷ്ടപ്പെട്ടതും നന്മയ്ക്ക്.'

വിവരം രാജാവറിഞ്ഞു. രാജാവിനു ദേഷ്യമായി – തന്റെ വിരലു മുറിഞ്ഞുപോയതിൽ എന്താണു നന്മ? മന്ത്രിയെ തുറങ്കിലിലടയ്ക്കാൻ കല്പന കൊടുത്തിട്ടു രാജാവു നേരത്തെ നിശ്ചയിച്ച നായാട്ടിനു പോയി. മന്ത്രിക്കുള്ള ശിക്ഷ തിരിച്ചു വന്നിട്ട്.

പക്ഷേ നായാട്ടിനു പോയ രാജാവ് കാട്ടു ജാതിക്കാരായ കിരാതന്മാരുടെ കൈയിലകപ്പെട്ടു. മലദൈവത്തിനു നരബലി അർപ്പിക്കാൻ വേണ്ടി അവർ ഒരാളെ തിരയുമ്പോഴാണു രാജാവ് അവരുടെ കൈയിൽ പെട്ടത്. ഒത്ത നീളവും വണ്ണവുമുള്ള ഇയാളെ തന്നെ ബലിയർപ്പിക്കാം എന്നവർ തീരുമാനിച്ചു. അവർ രാജാവിനെ ബലമായി പിടിച്ചുകെട്ടി നരബലി നടത്തുന്ന സ്ഥലത്തെത്തിച്ചു. അവർ നരബലിക്കുള്ള വട്ടം കൂട്ടുന്നതിനിടയിൽ 'ബലിമൃഗ'ത്തെ പൂജാരി വിശദമായി പരിശോധിച്ചപ്പോഴാണതു കണ്ടെത്തിയത്. ഇയാൾക്ക് ഒരു വിരലില്ല. വികലാംഗനെ ദൈവത്തിനു ബലി കഴിക്കുകയോ? പാടില്ല. ശാരീരികമായി ഒരു ഊനവും ഇല്ലാത്ത ആളിനെ വേണം ബലിയർപ്പിക്കാൻ. ചുരുക്കത്തിൽ അവർ രാജാവിനെ മോചിപ്പിച്ചു.

തന്റെ കുഞ്ഞുവിരൽ നഷ്ടപ്പെട്ടതുകൊണ്ടു മാത്രമാണു ജീവൻ തിരിച്ചു കിട്ടിയതെന്നു രാജാവിനു മനസ്സിലായി. വിരൽ നഷ്ടപ്പെട്ടത് നന്മയ്ക്കാണെന്ന് ഇപ്പോൾ മാത്രമാണു തനിക്കു മനസ്സിലായത്. പക്ഷേ തന്റെ മന്ത്രിക്കതു നേരത്തെ തന്നെ കാണാൻ കഴിഞ്ഞു– രാജാവു ചിന്തിച്ചു.

രാജധാനിയിൽ മടങ്ങിയെത്തിയ രാജാവ് കയ്യോടെ മന്ത്രിയെ മോചിപ്പിച്ചു. മാത്രമല്ല ധാരാളം സമ്മാനങ്ങളും നൽകി ആദരിച്ചു. അപ്പോഴും മന്ത്രി പറഞ്ഞു: "രാജാവിനു വിരലു പോയതു മാത്രമല്ല, എന്നെ തടവിലിട്ടതും നന്മയ്ക്ക്. അതുകൊണ്ടാണല്ലോ പ്രായശ്ചിത്തമെന്ന നിലയിൽ ഇത്രയും വിലപിടിച്ച സമ്മാനങ്ങൾ എനിക്കു നൽകാൻ രാജാവിനു തോന്നിയത്."

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.